For Private Circulation Only

November 2022

ആഗമനാരുണൻ

HOLY BIBLE

Vol.69

" നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കേണമേ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ " (സങ്കീ. 25:5)

No.11

സകല സത്യത്തിലും നമ്മെ വഴി നടത്തുന്ന പരിശുദ്ധാത്മാവ്

By R.A.Torrey

ഇനിയും വളരെ നിങ്ങളോടു പറവാൻ ഉണ്ടു; എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴിവില്ല. " സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചു തരുകയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചു തരുന്നതുകൊണ്ടു എന്നെ മഹത്വപ്പെടുത്തുന്നു " (യോഹ. 16:12-14). നാം മനുഷ്യരിൽ നിന്നു ധാരാളം കാര്യങ്ങൾ അഭ്യസിച്ചിട്ടുണ്ട്, എങ്കിലും നാം അവയിൽ ഒന്നും ആശ്രയിക്കുന്നില്ല. നമുക്ക് ഒരു സ്വർഗ്ഗീയ ഗുരു ഉണ്ട്, പരിശുദ്ധാത്മാവ് എന്ന ഗുരു.

നാം സത്യത്തെ ശരിയായിട്ട് അറിയുന്നില്ല. പരിശുദ്ധാത്മാവ് നമ്മെ നേരിട്ട് അതൊക്കെയും പഠിപ്പിച്ചു തരുവോളം. കേവലം മനുഷ്യരുടെ അഭ്യസിപ്പിക്കൽ കാര്യമില്ല, നമ്മുടെ അദ്ധ്യാപകൻ ആര് ആയിരുന്നാലും കാര്യമില്ല, ഇതൊന്നും നമുക്ക് ശരിയായിട്ടുള്ളതും പരിപൂർണ്ണമായതും അതുപോലെ സത്യത്തിന്റെ പൂർണ്ണ ജ്ഞാനത്തെയും നല്കുന്നില്ല. ഇംഗ്ലീഷിലോ അല്ലെങ്കിൽ അതിന്റെ മൂല്യഭാഷയിലോ ഈ വാക്കിന്റെ അർത്ഥത്തെ ഗ്രഹിക്കുവാൻ വളരെ ശ്രമകരമായ പഠനം നടത്തിയാൽ പോലും നമുക്ക് ശരിയായിട്ട് മനസ്സിലാക്കുവാൻ സാധിക്കുകയില്ല സത്യം എന്താണെന്ന്. നാം ഇതു പരിശുദ്ധാത്മാവിനാൽ നേരിട്ടു പഠിക്കേണ്ടതും അങ്ങനെ തന്നേ നാം പഠിപ്പിക്കേണ്ടതും ആണ്, നാം ഓരോരുത്തരും. ആരാണോ അങ്ങനെ പഠിപ്പിക്കപ്പെട്ടതു അവൻ മനസ്സിലാക്കുന്നു ദൈവ സത്യത്തെ നല്ലവണ്ണം. അതേ സമയം തന്നെ ഗ്രീക്കിലോ അല്ലെങ്കിൽ ഹീബ്രുവിലോ ഒരു വാക്കു പോലും അറിയാത്തവനും, ആയവന്, എന്നാൽ ആർക്കാണോ ഗ്രീക്കിലോ ഹീബ്രുവിലോ അഗാധമായ പാണ്ഡിത്യവും ഭാഷകളെല്ലാം ഗ്രഹിക്കുവാൻ ഉള്ളവർക്കു ഇത് സാധിക്കുന്നില്ല. എന്നാൽ പരിശുദ്ധാത്മാവിനാൽ പഠിപ്പിക്കപ്പെടുന്നവർക്ക് അത് സാധിക്കുന്നു.

ആത്മാവു ആരെ ഒക്കെയാണോ വഴി നടത്തുന്നത് അവിടുന്ന് അങ്ങനെ സകല സത്യത്തെയും പഠിപ്പിക്കുന്നു. നാം ഓരോരുത്തരോടുമുള്ള ദൈവീക സത്യത്തിന്റെ സകല തലങ്ങളെയും കുറിച്ചും, എന്നാൽ ഒരു ദിവസം കൊണ്ട് പരിശുദ്ധാത്മാവ് നമ്മെ വഴി നടത്തുന്നില്ല സകല സത്യത്തിലും അല്ലെങ്കിൽ ഒരാഴ്ചയ്ക്കുള്ളിൽ അല്ലെങ്കിൽ ഒരു വർഷത്തിനുള്ളിൽ, പ്രത്യുത പടി പടി ആയിട്ട്.

പരിശുദ്ധാത്മാവ് ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു.

" അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചുതരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും " (അതായത് ക്രിസ്തുവിനെ) പരിശുദ്ധാത്മാവിന്റെ പ്രത്യേക നിലയിലുള്ള പഠിപ്പിക്കൽ അത് വിശ്വാസികളോടും അതുപോലെ തന്നേ അവിശ്വാസികളോടും അതു യേശുക്രിസ്തുവിനെ ആകുന്നു. ഇതാകുന്നു അവ ന്റെ പ്രവൃത്തി. മറ്റുള്ള ഏതിനേക്കാളും അതായത് യേശു ക്രിസ്തുവിനെ വെളിപ്പെടുത്തുകയും അതുപോലെ അവിടുത്തെ നാമത്തെ മഹത്വപ്പെടുത്തുകയും ആകുന്നു. അവന്റെ സകല പഠിപ്പിക്കലും ക്രിസ്തുവിൽ കേന്ദ്രീകൃതമാണ്. ഒരു കാഴ്ചപാടിൽ അല്ലെങ്കിൽ വേറൊരു കാഴ്ചപാടിലും, അവൻ എല്ലായ്പ്പോഴും യേശുക്രിസ്തുവിനെയാണ് നമ്മിലേക്ക് കൊണ്ടുവരുന്നത്.

ചിലപ്പോൾ ചിലർ പരിശുദ്ധാത്മാവിനെ കുറിച്ചു പരാമർശിക്കേണ്ട സന്ദർഭങ്ങളിൽ ഭീതി ഉണ്ടാകുകയും ആ സമയങ്ങൾ ക്രിസ്തുവിനെ അവർക്ക് ശക്തിയോടെ പറയുവാൻ കഴിയുന്നില്ല. അതുപോലെ തന്നേ അതെല്ലാം അതിന്റെ കാരണമായതിലേക്കു എരിയുകയും ചെയ്യുന്നു, എന്നാൽ പരിശുദ്ധാത്മാവ് ക്രിസ്തുവിനെ പുകഴ്ത്തുന്നതുപോലെ വേറെ ആർക്കും സാദ്ധ്യം അല്ല. നമുക്ക് ക്രിസ്തുവിനെ ഒരിക്കലും മനസ്സിലാക്കുവാൻ കഴിയുകയില്ല, അല്ലെങ്കിൽ കാണുവാൻ സാധിക്കുകയില്ല. പരിശുദ്ധാത്മാവ് അവിടുത്തെ മഹത്വത്തെ നമ്മിലേക്കു വ്യാഖ്യാനിച്ച് തരുവോളം എത്രമാത്രം ശക്തമായ സുവിശേഷ പ്രസംഗങ്ങൾ കേട്ടാലും അതുപോലെ തന്നേ സുവിശേഷത്തെ കുറിച്ചുള്ള വളരെ ആധികാരികമായ ക്ലാസ്സുകളിൽ നാം പങ്കെടുത്താലും, എത്ര കഴിവു ഉണ്ടെങ്കിലും കാര്യമില്ല, കേവലം വചന പഠനത്തിനുവേണ്ടി എത്രത്തോളം നാം എല്ലാം ചെലവിട്ടാലും ഇതിൽ കൂടി ഒന്നും നാം ക്രിസ്തുവിനെ ദർശിക്കുക ഇല്ല; പരിശുദ്ധാത്മാവ് തീർച്ചയായിട്ടും നമ്മെ കാണിക്കുകയും അതിനായിട്ട് അവൻ പൂർണ്ണ സമ്മതവും അതുപോലെ അവൻ അതു പ്രവർത്തിക്കുവാനായിട്ടു ആഗ്രഹിക്കുന്നു. പരിശുദ്ധാത്മാവിന്റെ വളരെ തീവ്രമായ ആഗ്രഹം എന്നത് യേശുക്രിസ്തുവിനെ മനുഷ്യരുടെ മുമ്പാകെ വെളിപ്പെടുത്തുക എന്നുള്ളതാണ്.

ഒരു പെന്തെക്കോസ്തു ദിവസം പത്രോസും തന്റെ സുഹൃത്തുക്കളും പരിശുദ്ധാത്മാവിൽ നിറയപ്പെട്ടു, എന്നിട്ടു അവർ പരിശുദ്ധാത്മാവിനെ കുറിച്ച് അധികം പറഞ്ഞില്ല, അവർ യേശുക്രിസ്തുവിനെ കുറിച്ചാണ് സംസാരിച്ചത്. പത്രോസിന്റെ ആ ദിവസത്തിലെ പ്രസംഗത്തെകുറിച്ച് പഠിച്ചു നോക്കുക: യേശുക്രിസ്തുവായിരുന്നു അവന്റെ ഒരു വിഷയം, അതുപോലെ തന്നേ യേശുക്രിസ്തു തന്നേ ആയിരിക്കേണം നമ്മുടേയും വിഷയം. നാം പരിശുദ്ധാത്മവിനാൽ പഠിപ്പിക്കുന്നുവെങ്കിൽ; യേശുക്രിസ്തു നമ്മുടെ ദർശനത്തിന്റെ സകലവും ആയിതീരും. നമുക്ക് ഒരു പുതിയ ക്രിസ്തു ഉണ്ടാകും, ഒരു മഹത്വപ്പെട്ട ക്രിസ്തു. ക്രിസ്തു നമ്മിൽ അധികം മഹത്വപ്പെടും. അതായത് നമുക്ക് ഒരു വാഞ്ഛയും ആഗ്രഹവും ഉണ്ടാകുകയും അങ്ങനെ എല്ലാവരുടെയും അടുത്ത് പോയി ഈ

(ശേഷം 2-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

സകല സത്യത്തിലും നമ്മെ വഴി നടത്തുന്ന പരിശുദ്ധാത്മാവ്

മഹത്വത്തിന്റെ രാജാവിനെ നാം കണ്ടെത്തിയവനെ കുറിച്ച് അവരോട് ഒക്കെയും പറയുന്നുവെങ്കിൽ. യേശുക്രിസ്തുവളരെ വ്യത്യസ്തനായിരിക്കും ആത്മാവ് അവിടുത്തെ നാമത്തെ മഹത്വപ്പെടുത്തുമ്പോൾ, കാരണം ആത്മാവ് യേശുക്രിസ്തുവിൽ നിന്നു എടുത്തു അതുപോലെ അതു നമ്മെ കാണിക്കുകയും ചെയ്യുന്നതിനാൽ.

ആത്മാവ് ആഴത്തിലുള്ളവ വെളിപ്പെടുത്തുന്നു.

" ദൈവം തന്നേ സ്നേഹിക്കുന്നവർക്കു ഒരുക്കിയിട്ടുള്ളതു കണ്ണ് കണ്ടിട്ടില്ല; ചെവികേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിട്ടുമില്ല" എന്നു എഴുതിയിരിക്കുന്നതുപോലെ തന്നേ. നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവു സകലത്തേയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു. മനുഷ്യനിലുള്ള അവനിലെ മാനുഷാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നേ ദൈവത്തിലുള്ളതു ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല. നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്കു നല്കിയതു അറിവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചതു. അതു ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ തന്നേ പ്രസ്താവിച്ചുകൊണ്ട് ആത്മീകന്മാർക്കു ആത്മികമായതു തെളിയിക്കുന്നു" (1കൊരി. 2:9-13).

ആത്മാവു ഒരു വ്യക്തിയായ വിശ്വാസിക്ക് ദൈവത്തിൽ നിന്നു ആഴമുള്ള കാര്യങ്ങളാണ് വെളുപ്പെടത്തുന്നത്. മനുഷ്യ കണ്ണുകൾ കണ്ടിട്ടില്ലാത്തതും അല്ലെങ്കിൽ ചെവി കേട്ടിട്ടില്ലാത്തതും, മനുഷ്യ ഹൃദയത്തിൽ ഒരിക്കലും പ്രവേശിക്കപ്പെട്ടിട്ടില്ലാത്തതും, അവിടുത്തെ സ്നേഹിക്കുന്നവർക്ക് വേണ്ടി ഒരുക്കി കരുതി വെച്ചിരിക്കുന്നതും. ഇത് സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ വളരെ വ്യക്തമാണ്. ഇത് കേവലം സ്വർഗ്ഗത്തെ കുറിച്ചുള്ള പരാമർശമോ, അല്ലെങ്കിൽ ഇതിനുശേഷം ജീവിതത്തിൽ വന്നു കൂടിയേക്കാവുന്ന കാര്യാദികളെക്കുറിച്ചോ ഉള്ളതല്ല. പരിശുദ്ധാത്മാവു എടുത്തു ദൈവം നമുക്ക് വേണ്ടി ഒരുക്കിവെച്ചിരിക്കുന്നത്, ഇപ്പോൾ നമ്മുടെ ജീവിതത്തിൽ അനുഭവിക്കുന്നതു പോലും അതു നമുക്ക് വെളിപ്പെടുത്തും.

ആത്മാവു വചനത്തെ വ്യാഖ്യാനിക്കുന്നു

അടുത്ത ഭാഗങ്ങൾ നാം വായിച്ചു, " എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അതു അവനു ഭോഷത്വം ആകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അതു അവനു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല" (1കൊരി. 2:14).

പരിശുദ്ധാത്മാവ് വെളിപ്പാടുകളുടെ എഴുത്തുകാരൻ മാത്രം അല്ല; എഴുതപ്പെട്ട ദൈവത്തിന്റെ വചനം. അവൻ വെളിപ്പെടുത്തിയതിന്റെ അർത്ഥങ്ങൾ മനസ്സിലാക്കി തരുന്നവനുമാണ്. ഏതെങ്കിലും അഗാധമായ അളക്കാനൊക്കാത്ത പുസ്തകം അതുവളരെ ആസ്വാദകരവും ഉപകാരപ്രദവും ആയത് അത് നാം വായിക്കുന്ന സമയത്ത് എപ്പോഴെങ്കിലും അതിന്റെ ഗ്രന്ഥകർത്താവ് നമ്മുടെ അടുത്ത് വന്ന് വായിച്ചതിനെക്കുറിച്ച് നമുക്ക് മനസ്സിലാക്കി തരാറുണ്ടോ, എന്നാൽ ഇത് നമ്മുടെ ഭാഗ്യമാണ്. വിശുദ്ധ ഗ്രന്ഥത്തിന്റെ രചയിതാവായ പരിശുദ്ധാത്മാവ് നമ്മുടെ അടുത്ത് വന്ന് നമ്മെ സഹായിക്കുന്നു. നാം വേദപുസ്തകം വായിക്കുമ്പോൾ പരിശുദ്ധാത്മാവാണ് വേദപുസ്തകത്തിന്റെ രചയിതാവ്, അതുപോലെ അവൻ അടുത്ത് നില്ക്കുകയാണ്. അർത്ഥം മനസ്സിലാക്കി നല്കുന്നതിനായിട്ട്, എല്ലാം വിശ്വാസികളും എല്ലാ സമയത്തും എല്ലായ്പ്പോഴും അവരെ സഹായിക്കുകയാണ്. വേദപുസ്തകം തുറന്ന് അതിനെ ധ്യാനിക്കുമ്പോൾ.

(ശേഷം 7-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" യഹോവയുടെ ദിവസം വലുതും അതിഭയങ്കരവുമാകുന്നു അതു സഹിക്കുന്നവൻ ആർ? എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടും കൂടെ എങ്കലേക്കു തിരിവിൻ എന്നു യഹോവയുടെ അരുളപ്പാടു. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ. അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവനല്ലോ. അവൻ അനർത്ഥത്തെക്കുറിച്ച് അനുതപിക്കും. നിങ്ങളുടെ ദൈവമായ യഹോവ വീണ്ടും അനുതപിച്ച് തനിക്കു ഭോജനയാഗവും പാനീയ യാഗവുമായള്ളോരു അനുഗ്രഹം വച്ചേക്കയില്ലയോ ആർക്കറിയാം " (യോവേൽ 2:11-14)

2022 ഒക്ടോബർ മാസം നമ്മെ വിട്ട് കടന്നുപോയി. നവംബർ മാസത്തിലേക്കു നാം കടന്നു വന്നിരിക്കുന്നു.

നിങ്ങൾ ഈ അന്ത്യനാളുകളിൽ ദൈവത്തിൽ കൂടുതലായി ആശ്രയിക്കുകയും ദൈവത്തിന്റെ ഹിതം നിറവേറ്റുകയും നിങ്ങൾ ചെയ്യുന്ന സകലത്തിലും ദൈവഹിതം അന്വേഷിക്കുമെന്നും തീരുമാനിക്കുകയും ചെയ്യുക. ദൈവം നിങ്ങളെ ഓരോ ദിവസവും വഴി നടത്തും. ദൈവം നമ്മുടെ ഏറ്റവും അടുത്ത തുണയും സഖിയും ആശ്വാസകനും സൗഖ്യദായകനുമാണെന്ന് പൂർണ്ണമായി വിശ്വസിക്കുക. നാം തളർന്നു പോകേണ്ടുന്നവരല്ല. നമ്മുടെ നേരെ വരുന്ന പാപത്തിന്റെ ശക്തിമേലും രോഗത്തിന്മേലും മരണത്തിന്മേലും വിജയം യേശു കാൽവരി ക്രൂശിൽ നമുക്കായി നേടി തന്നു.

കർത്താവിൽ പൂർണ്ണമായി സന്തോഷിച്ച് ദൈവം നൽകിയ ഓരോ നല്ല ദാനങ്ങൾക്കായും ദൈവസന്നിധിയിൽ നന്ദി അർപ്പിച്ച് ജീവിച്ചാൽ കർത്താവിൽ പൂർണ്ണമായും സന്തോഷം കണ്ടെത്തുവാൻ നമുക്ക് സാധിക്കും. നമ്മുടെ മനസ്സ് ദിവ്യ ധൈര്യത്താൽ നിറച്ച് എല്ലാ സാഹചര്യങ്ങളേയും നിങ്ങൾ ശാന്തമായി നേരിടുകയും ചെയ്യുക. അതിനു ദൈവം നിങ്ങൾക്ക് കൃപ നല്കട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

താങ്കൾ വഞ്ചിക്കപ്പെടുന്നില്ലെന്ന് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു

By Rich Carmicheal

ഈ പ്രാവശ്യത്തെ ആഗമനദൂതൻ സംസാരിക്കുന്നത് സത്യത്തെ അംഗീകരിക്കേണ്ടതിന്റെയും അതുപോലെ വഞ്ചിക്കപ്പെടാതെ ഇരിക്കേണ്ടതിന് ശ്രദ്ധയോടെ വിശ്വാസയാത്ര നടത്തേണ്ടതിന്റെ ആവശ്യകതയെകുറിച്ചാണ്. ഇവയൊക്കെയാണ് വ്യക്തമായതും സജീവമായ പ്രബന്ധം അത്ഭുതകരമായ ശാഖവിഭജനം. ഒരു ഭാഗത്ത്, സത്യം നമ്മിൽ പ്രകാശം കൊണ്ടുവരുന്നു (യോഹ. 3:21) നമ്മെ സ്വതന്ത്രരാക്കുന്നു (8:32), നമ്മെ കഴുകുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു (17:17), നമ്മെ രക്ഷയിലേക്കു നടത്തുന്നു (എഫെ. 1:13), നമ്മിൽ നല്ല ഫലങ്ങൾ പുറപ്പെടുവിക്കാൻ (കൊലോ. 1:5,6). അതുപോലെ തന്നേ നമ്മെ സംരക്ഷിക്കുകയും ചെയ്യുന്നു (സങ്കീ. 40:11). വേറൊരു തരത്തിൽ നാം ചിന്തിക്കുമ്പോൾ വഞ്ചനയും സത്യത്തിന്റെ ഒളിച്ച് വയ്ക്കലും നമ്മെ ആത്മീകമായ അന്ധകാരത്തിലേക്കാണ് നയിക്കുന്നത് (റോമ. 1:8-21), പാപത്തിന്റെ അടിമത്വത്തിലേയ്ക്കു (1:28-31), ദൈവവും ആയിട്ടുള്ള ബന്ധത്തെ നഷ്ടപ്പെടുത്തുന്നു (ആവ. 11:16; റോമ. 1:28) ആത്മീക അടിമത്വത്തിനായിട്ടും പിശാചിന്റെ ഇംഗിതം നടത്തുന്നു (തിമൊ. 2:25,26). അതുപോലെ ആത്മീക മരണം (റോമ. 7:11).

മനുഷ്യ ചരിത്രംപോലെ തന്നേ പഴക്കം ഉള്ളതാണ് സത്യത്തിന്റെയും വഞ്ചനയുടെയും ഇടയിലുള്ള യുദ്ധം. ഏദൻ തോട്ടത്തിലും ഇതിന്റെ ഒരു ദൃശ്യം കാണുന്നുണ്ട്, പിശാച് (സാത്താൻ) പദ്ധതികൾ ഇട്ടുകൊണ്ട് ഹവ്വയിൽ സംശയങ്ങൾ സൃഷ്ടിച്ച് ചതിക്കുന്ന കാര്യത്തിൽ ദൈവീക സത്യത്തിൽ അനുസരണക്കേട് സൃഷ്ടിച്ചുകൊണ്ട് അവൻ അവിടെ വിജയിച്ചു. ദൈവം ആയയഹോവ ആദമിനോടും ഹവ്വായോടും വ്യക്തമാക്കിയിരുന്നു. “ നന്മ തിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന്, എന്നാൽ നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്, തിന്നുന്ന നാളിൽ നീ മരിക്കും ” (ഉല്പ. 2:17). എന്നാൽ സാത്താൻ ഹവ്വയെ വശീകരിച്ചു നേരെ എതിരായിട്ടുള്ളതിൽ വിശ്വസിപ്പിച്ചു, “ നിങ്ങൾ മരിക്കയില്ല നിശ്ചയം, അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണുകൾ തുറക്കുകയും നിങ്ങൾ നന്മ തിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകുകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു ” (ഉല്പ. 3:4,5; 2കൊരി. 11:3).

ദൈവത്തിന്റെ സത്യത്തിനു എതിരായിട്ടുള്ള യുദ്ധം ഇന്നു നടക്കുകയാണ്, പിശാച് ആയവൻ, വ്യാജത്തിന്റെ പിതാവും ഏറ്റവും വലിയ ചതിയനും (യോഹ. 8:44; വെളി. 12:9), തുടർമാനമായിട്ടു സത്യത്തിനു എതിരായിട്ടു വഞ്ചിക്കുവാൻ ശ്രമിക്കുകയും ദൈവമക്കളെ തീവണ്ടി പാളം തെറ്റുന്നതു പോലെ തെറ്റിക്കുകയും ചെയ്യും. ചതി നമ്മിലേക്കു എല്ലാ ഭാഗങ്ങളിൽ നിന്നും പ്രവേശിക്കാം. പിശാചിൽ നിന്നും അതുപോലെ ആത്മീക ശക്തികളിൽ നിന്നും കള്ളപ്രവാചകന്മാരിൽ നിന്നും ദുരുപദേശക്കാരിൽ നിന്നും ലോകത്തിൽ നിന്നും, പാപത്തിന്റെ വശീകരണങ്ങളിൽ നിന്നും, സമ്പത്തിന്റെ വഞ്ചനകളിൽ നിന്നും, ഇനിയും നമ്മുടെതായ ഹൃദയത്തിൽ നിന്നുമുള്ള വഞ്ചനകളിൽ കൂടിയും.

ഈ അവസാന കാലഘട്ടത്തിൽ ഇതിന്റെ തീവ്രത വളരെ കൂടുതലായിരിക്കുന്നു. യേശു അതു നമ്മെ മുന്നറിയിച്ചിട്ടുണ്ട്. “ കള്ളപ്രവാചകന്മാർ പലരും വന്നു അനേകരെ തെറ്റിക്കും ” (മത്താ. 24:11) അപ്രകാരം തന്നെ അപ്പോസ്തലനായ പൗലൊസും എഴുതിയിരിക്കുകയാണ്, “ ദുഷ്ടമനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും കൊണ്ടു മേൽക്കുമേൽ ദോഷത്തിൽ മുതിർന്നു വരും ” (2 തിമൊ.3:13). അവൻ വീണ്ടും മുന്നറയിപ്പു നൽകുന്നു. “ എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു ” (1തിമോ.4:1) സാത്താൻ അറിയുന്നു അവന്റെ സമയം അടുത്തിരിക്കുന്നുവെന്ന്, അതുകൊണ്ട് ആക്രമണം നിഷ്കരുണമായതും, അതുപോലെ തന്നേ മനസ്സലിവ് ഇല്ലാത്തതും ആകുന്നു.

ദൈവീക സത്യത്തിന്റെ അടിച്ചമർത്തലും അതുപോലെ നിരസ്സിക്കലും നമ്മുടെ കാലഘട്ടത്തിൽ സംഭവിക്കുന്നത് താങ്കൾ എന്നെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ, അതിരുകടന്ന വഞ്ചനയുടെയും അതുപോലെ വ്യാജത്തരങ്ങളും? യിരെമ്യാവിന്റെയും, യെശയ്യാവിന്റെയും അതുപോലെ ഹോശെയാ പ്രവാചകന്റെയും

(ശേഷം 8-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

" സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കുകയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചുതരുന്നതുകൊണ്ടു എന്നെ മഹത്വപ്പെടുത്തും " (യോഹ. 16:13,14).

ദൈവീക സത്യം അത് ഗ്രാമറിന്റെ അടിസ്ഥാനത്തിലുള്ളതല്ല, പഠിക്കുവാനും, അല്ലെങ്കിൽ തർക്കശാസ്ത്രത്തിന്റെയോ അല്ല, പ്രത്യുത ഇത് ദൈവത്തിന്റെ പരിശുദ്ധാത്മാവിനാലാണ്. അവിടുന്ന് അത് വെളിപ്പെടുത്തിയിരിക്കുന്നത്. "ആത്മാവു സകലത്തേയും ദൈവത്തിന്റെ ആഴങ്ങളേയും ആരായുന്നു " (1കൊരി. 2:10). ഗ്രീക്കിൽ നാമവിശേഷണം ഇല്ല. ഇത് ആഴമുള്ള കാര്യങ്ങളെ അല്ല, പ്രത്യുത ആഴങ്ങളെയാണ്. ദൈവീക മഹത്വത്തിന് നൂൽത്തൊങ്ങൽ ഉള്ളതായിട്ടാണ് മോശെയും അതുപോലെ പ്രവാചകൻമാരും കണ്ടത്, അതുപോലെ തന്നേ അവർ തേജസ്സുള്ളവരായി തീരുകയും, അത്ഭുതപ്പെട്ടവരും ആയി തീർന്നു, എന്നാൽ അവിടെ ആഴങ്ങൾ അടികാണാത്ത ആഴങ്ങൾ ഉണ്ടായിരുന്നു, സ്വർഗ്ഗത്തെപ്പോലെയും അതുപോലെ സമുദ്രത്തെപ്പോലെയും ആഴങ്ങൾക്ക് അതീതമായ ആഴം അളക്കുവാൻ കഴിയാത്ത ആഴം, അതുപോലെ ഇതൊക്കെയാണ് ദൈവാത്മാവ് ആരായുന്നതും വെളിപ്പെടുത്തുന്നതും അവിടുന്ന് കണ്ടുപിടിത്തങ്ങൾക്കായിട്ടല്ല അന്വേഷിക്കുന്നത്. റോമാ ലേഖനം 8:27-ലും അതുപോലെ വെളിപ്പാടു 2:23-ലും ദൈവവും ക്രിസ്തുവും പറയുകയാണ്. അന്വേഷിപ്പിൻ. ഇതു സൂചിപ്പിക്കുന്നത് വ്യക്തതയെയാണ്, അല്ലാതെ പരീക്ഷണം അല്ല. പരിശുദ്ധാത്മാവു എല്ലായ്പ്പോഴും ദൈവത്തിന്റെ ആഴങ്ങളുടെ ആഴങ്ങളിൽ പ്രവർത്തന നിരതനാണ്. അവന്റെ സർവ്വജ്ഞാനം എല്ലായ്പ്പോഴും പര്യവേഷണം നടത്തുകയും അതുപോലെ തന്നെ ദൈവത്തിന്റെ ആഴങ്ങളെ വെളിപ്പെടുത്തുകയും ചെയ്യുന്നു. റോമർ. 11:33-ൽ അഗോചരവും അപ്രമേയവും ആയ അവിടുത്തെ പ്രവൃത്തികളെ ഒന്നിച്ച് അണി നിരത്തുന്നു.

ആത്മാവും പ്രകാശനവും

By Samuel Chadwick

ഈ വാദത്തിന്റെ മുനമ്പ് എന്താണെന്ന് ചോദിച്ചാൽ ദൈവത്തിന്റെ ആഴങ്ങളെ പരിശുദ്ധാത്മാവിനാലല്ലാതെ വേറെയാതൊരുവിധമായ വഴികളിൽ കൂടിയും അറിയുക സാധ്യമല്ലായെന്നുള്ളതാണ്. ഒരു മനുഷ്യന്റെ ആഴങ്ങളിലുള്ള കാര്യാദികളെ അറിയുന്നത് മനുഷ്യന്റെ ആത്മാവിനാലാണ്, അതുപോലെ തന്നെയാണ് ദൈവത്തിന്റെ ആഴങ്ങളിലുള്ളത്. ദൈവത്തിന്റെ ആത്മാവിനാൽ മാത്രമേ അതു അറിയുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ ജ്ഞാനത്താൽ അവനെ കണ്ടുപിടിക്കുവാൻ സാധിക്കുകയില്ല. ലോകത്തിന്റെ അധികാരികൾക്കും ഭരണകർത്താക്കൾക്കും ലോകജ്ഞാനത്താലും അവനെ കണ്ടുപിടിക്കുവാൻ കഴിയുകയില്ല. കിണർ ആഴമുള്ളതാണ്, അതിൽ നിന്നു എവിടേക്കു ഒന്നും എടുക്കുവാൻ ഇല്ല. ആഴത്തിലുള്ള വസ്തുക്കൾ കണ്ടുപിടിക്കപ്പെട്ടിട്ടില്ല; അതൊക്കെയും സ്വീകരിക്കപ്പെട്ടിരിക്കുകയാണ്. അതൊന്നും നേടി എടുത്തതില്ല; അതൊക്കെയും വിശ്വസിക്കപ്പെട്ടിരിക്കുകയാണ്. അതൊന്നു പഠിപ്പിക്കപ്പെട്ടിട്ടില്ല; അതൊക്കെയും വെളിപ്പെടുത്തപ്പെട്ടിരിക്കുകയാണ്. ആത്മാവ് എന്നാൽ അത് ദൈവത്തിന്റെ ആത്മാവാണ്, അവനാലാണ് നാം ദൈവീക കാര്യാദികളെ അറിയുന്നതും.

ആത്മാവിനെ നല്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാൻ വേണ്ടിയാണ്. യേശുവിനെ ഒരു മനുഷ്യനും പരിശുദ്ധാത്മാവിന്റെ വ്യക്തമായ വെളിപ്പാടിൽ കൂടി അല്ലാതെ അറിയുന്നില്ല. ക്രിസ്തുവിന്റെ ആഴങ്ങളിലുള്ളത് മനുഷ്യ ജ്ഞാനത്താൽ ഗ്രഹിച്ചെടുക്കുവാൻ സാധിക്കുകയില്ല. അവന്റെ നസ്രത്തിലുള്ള ജീവിതത്തെ വീണ്ടും നിർമ്മിക്കപ്പെട്ടിരിക്കാം നോവൽ എഴുത്തുകാരനാലും, ബുദ്ധി രാക്ഷസൻമാരുടെ നാടകകലയിൽ കൂടിയും അനശ്വരായ കലയിൽ കൂടിയും; എന്നാൽ അതിലൊന്നും ക്രിസ്തു ഇല്ല. " പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവു എന്നു പറവാൻ ആർക്കും കഴിയുകയില്ല " എന്നു ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു. (1കൊരി. 12:3). അവന്റെ പഠിപ്പിക്കലിലും ഇത് അതുപോലെ സത്യം തന്നേ ആണ്. വ്യാകരണത്തിന് ഇതിന്റെ സത്യത്തെ കണ്ടുപിടിക്കുവാൻ കഴിയുകയില്ല. അതുപോലെ തന്നേ അക്ഷരം കൊല്ലുകയാണ് ചെയ്യുന്നത്. കുരിശ് എല്ലായ്പ്പോഴും ഒരു വിഷമ പ്രശ്നവും, വിവേകശൂന്യമായതും, ശപിക്കപ്പെട്ടതും ആണ്. ഈ ലോകത്തിന്റെ ജ്ഞാനത്തിൽ ഇത് ആഴങ്ങളിലുള്ളത് അറിയുവാൻ ആത്മാവിനാൽ നിയോഗിക്കപ്പെട്ടവർക്കു മാത്രം ഉള്ളതും, അതുപോലെ അതൊക്കെയും അവനാൽ പ്രകാശിക്കപ്പെട്ടതും നിർദ്ദേശിക്കപ്പെട്ടതും ആണ്. ക്രിസ്തുവിന്റെ ആഴങ്ങളെ അന്വേഷിച്ച് കണ്ടെത്തുവാൻ സാധ്യമല്ല. ക്രിസ്തുവിന്റെ സ്നേഹം ആണ് അറിവിനെ നല്കുന്നത്. ക്രിസ്തുവിന്റെ കൃപയെ അളക്കുവാൻ സാധ്യമല്ല. ആഴങ്ങൾക്ക് അതീതമായ ആഴവും, ഉയരങ്ങൾക്ക് അപ്പുറം ആയിട്ടുള്ള ഉയരവും ആണ്. ആഴത്തിൽ നിന്ന് ആഴത്തെ വിളിക്കുന്നു. അതുപോലെ മഹത്വം മഹത്വത്തിലേക്കു കേവലം മനുഷ്യന് അതൊക്കെയും വെറും അർത്ഥശൂന്യങ്ങളായവയാണ്.; ആത്മാവിന്റെ പഠിപ്പിക്കൽ അത് നിലനില്ക്കുന്നവയാണ്. നമുക്ക് അവനെ അറിയാം. അതുപോലെ നാം അറിയുന്ന അവനെ വസ്തുതകളെ അവങ്കൽ നിന്ന് എടുക്കുകയും അവനമ്മിലേക്ക് വെളിപ്പെടുത്തുകയും ചെയ്യുന്നു. ❖

ബൈബിൾ അപകടത്തിൽ നിന്നു സംരക്ഷണം നല്കുന്നു

By J.C.Ryle

താങ്കൾ അധിവസിക്കുന്ന ഈ ലോകത്തിൽ താങ്കളുടെ ആത്മാവ്, സദാസമയവും വളരെ അപകടത്തിലാണ്. താങ്കളുടെ ഹൃദയം തന്നേ വഞ്ചിക്കുന്നതാണ്. മോശം ആയ അനവധി ഉദാഹരണങ്ങൾ ഉണ്ട്. പിശാച് താങ്കളെ എന്നും അകറ്റി നിറുത്തുവാൻ വേണ്ടി അദ്ധ്വാനിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാറ്റിലും ഉപരിയായിട്ട് എല്ലാതരത്തിലുമുള്ള ദുരുപദേശവും അതുപോലെ ദുരുപദേഷ്ടാക്കന്മാരും അനവധിയാണ്. ഇതാണ് താങ്കളുടെ വളരെ അപകടകരമായ അവസ്ഥ.

താങ്കൾ സർവ്വായുധ വർഗ്ഗം ധരിക്കപ്പെട്ടവനാണെങ്കിൽ സുരക്ഷിതനായിരിക്കും. താങ്കളുടെ പ്രയോജനത്തിനായിട്ട് ദൈവം നല്കിയ ആയുധങ്ങളെ താങ്കൾക്ക് ഉപയോഗിക്കാം. പരിശുദ്ധമായ വേദവചനങ്ങൾകൊണ്ട് താങ്കളുടെ മനസ്സിനെ നിറയ്ക്കണം. ഇങ്ങനെ ആകണം നല്ല നിലയിൽ ആയുധം ധരിക്കപ്പെട്ടവൻ.

ദൈവവചനത്തിന്റെ വളരെ വ്യക്തമായ അറിവോടെ താങ്കൾ തന്നേ ആയുധം ധരിക്കേണ്ടതുണ്ട്. ബൈബിൾ എല്ലാ ദിവസവും ചിട്ടയോടുകൂടി താങ്കൾ വായിക്കേണം. താങ്കളുടെ ബൈബിളിനോട് നല്ല അടുപ്പമുള്ളവനായിരിക്കേണം. താങ്കൾ ബൈബിളിനെ അവഗേളിച്ചാൽ എനിക്ക് അറിയാം. ദുരുപദേശക്കന്മാരും തെറ്റായ മാർഗ്ഗദർശിനികളും വരുമ്പോൾ അതിനെ എതിർക്കുവാൻ സാധിക്കാതെ വരുന്നതിനാൽ ആപത്ത് സംഭവിക്കും. എല്ലാറ്റിനും അടിസ്ഥാനപരമായ ഒരു തെളിവായിട്ട് വേദവചനത്തെ അംഗീകരിക്കുക എന്നുള്ളത് അതു ഒരു നിയമമായിട്ടു വിശ്വസിക്കുക. ബൈബിൾ മാത്രമാണ് സ്ഥിരതയുള്ളത്. താങ്കൾക്ക് അവകാശപ്പെട്ടതിലും അധികമായിട്ട് തിരുവചനത്തെ ഉപയോഗിക്കാറുണ്ടോ? ❖

സത്യത്തിലെ ഗുപ്തധനം

By Lois. J.Stucky

നാം വിശുദ്ധവേദപുസ്തകം തുറക്കുമ്പോൾ, ദൈവത്തിന്റെ പരിശുദ്ധ വചനം, നാം സത്യത്തിന്റെ ധനപ്പെട്ടിയെയാണ് തുറക്കുന്നത്. അതിനകത്ത് യാതൊരു മറ്റുതരത്തിലുള്ള നാണയങ്ങളും ഇല്ല. ഉള്ളതെല്ലാം ശുദ്ധമായ സ്വർണ്ണമാണ്. ചെറിയ ഒരു കുട്ടി പോലും വഞ്ചിക്കപ്പെടരുത്; ഒരു പ്രായമുള്ള വിശുദ്ധനും ചതിക്കപ്പെടുരുത്; ദൈവവചനത്തിൽ നല്ല രീതിയിൽ വിദ്യാഭ്യാസം ലഭിച്ചപ്പോൾ, നമുക്ക് തെറ്റുകൽ തിരിച്ചറിയുവാനുള്ള ശക്തി അത് വളരെ മൂർച്ചയുള്ളതായി തീരുന്നു, നമ്മെതന്നെ സുരക്ഷിതരാക്കി തീർക്കുകയും അതുപോലെ ആത്മീക ദീപങ്ങൾ ആയും മാറുന്നു. എന്തുകൊണ്ടെന്നാൽ ആരോടാണോ നാം ഉത്തരം പറയുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നത്.

മർക്കോസിന്റെ സുവിശേഷം 7-ാം അദ്ധ്യായത്തിൽ യേശു വളരെ പരാമർശിക്കുകയാണ് ദൈവത്തിന്റെ വിശുദ്ധ വചനം ശ്രദ്ധിക്കേണ്ടതു അതു ഗ്രവിക്കേണ്ടതിന്റെയും പ്രാധാന്യത്തെ കുറിച്ച്. അവിടുന്ന് മതത്തിന്റെതായ നേതാക്കന്മാരെ വളരെ കടുത്ത സ്വരത്തിൽ ശകാരിക്കുന്നത്. നിങ്ങളുടെ സമ്പ്രദായം പ്രമാണിപ്പാൻ വേണ്ടി നിങ്ങൾ ദൈവകലാപന തള്ളിക്കളയുന്നതു നന്നായി (വാ ക്യം 9). അവിടുന്ന് വളരെ തുറ ന്ന് അവരോടു പറയുകയാണ്, ഇങ്ങനെ നിങ്ങൾ ഉപദേശിക്കുന്ന സമ്പ്രദായത്താൽ ദൈവകല്പന ദുർബ്ബലമാക്കുന്നു (വാക്യം 13). ജനത്തെ വിളിച്ചിട്ട് അവരോടു യേശു വളരെ ഊന്നി പറയുകയാണ്, എല്ലാവരും കേട്ടു ഗ്രഹിച്ചുകൊൾവിൻ (വാക്യം 14). അതുപോലെ ദൈവവചനത്തിൽ നിന്നു അവിടുന്നു വ്യക്തമായിട്ട് നിർദ്ദേശിക്കുകയാണ്. അവിടുന്ന് അവസാനിപ്പിക്കുന്നത്, കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ) എന്നു പറഞ്ഞു (വാക്യം 16). മറ്റുള്ള അനേകം ഭാഗങ്ങളിൽ നമ്മുടെ കർത്താവു പ്രബോധിപ്പിക്കുകയാണ്, " കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ " .

ഇത് നമ്മിൽ ഒരു ഉത്തരവാദിത്വം തരുന്നില്ലേ? നമുക്ക് എല്ലാവർക്കും ശരീരത്തിൽ ചെവി ഉണ്ട്. എന്നാൽ നാം കേൾക്കുന്നുണ്ടോ, ശരിയായിട്ടു ശ്രദ്ധിക്കുന്നുണ്ടോ, ദൈവവചനം എന്താണ് നമ്മോട് പറയുന്നത്. ഇത് സാധാരണയായിട്ട് നാം വായിക്കുന്നതിലും അധികമായിട്ട് ഗ്രഹിക്കുവാൻ സാധിക്കുന്നു. എന്താണോ നാം വായിക്കുന്നത് എന്ന്, അതുപോലെ തന്നെ നമ്മുടെ ദൈനംദിന ജീവിതത്തിൽ അത് പ്രയോഗിക്കുവാൻ സാധിക്കുന്നു. കേൾക്കുവാനുള്ള ചെവികൾ ഇത് നമ്മുടെ മനസ്സിനോട് ബന്ധപ്പെട്ടിരിക്കുന്നു. വളരെ പ്രാധാന്യത്തോടെ, മനസ്സിലാക്കുവാൻ പരിശുദ്ധാത്മാവു നമ്മെ സഹായിക്കുന്നതിനാൽ നാം വളരെ അനുഗ്രഹിക്കപ്പെട്ടവരാണ്.(1കൊരി. 2:9-13). ബുദ്ധിമാനായ ഒരുവൻ വളരെ ചിന്താശക്തിയോടെ ദൈവവചനം പഠിക്കുകയും അതുപോലെ ദൈവീകമായ ഗുരുവിൽ, പരിശുദ്ധാത്മാവിൽ ആഴത്തിലുള്ള മനസ്സിലാക്കലിനായിട്ടു പൂർണ്ണമായിട്ടു ആശ്രയിക്കുകയാണ് ചെയ്യുന്നത്.

അപ്പോസ്തലനായ യോഹന്നാൻ എഴുതി: " എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല " (3യോഹ. 4). താങ്കൾ ചിന്തിക്കുന്നില്ലേ ദൈവം അവിടുത്തെ മക്കളെക്കുറിച്ച് ഇതേ രീതിയിൽ ചിന്തിക്കുന്നതായിട്ട്, വളരെ അധികമായിട്ട്? ദൈവം അവിടുത്തെ ഹൃദയത്തെ ജീവനുള്ള വചനത്തിൽ കൂടി മനുഷ്യ വർഗ്ഗത്തിനായിട്ട് പകർന്നിരിക്കുകയാണ്; പരിശുദ്ധ വേദപുസ്തകം, അതുപോലെ വളരെ അത്ഭുതകരമായിട്ടു അവിടുത്തെ ഭയങ്കരമായ വെളിപ്പാടുകളെ നല്കിയിരിക്കുകയാണ്. നമുക്ക് നൂറ്റാണ്ടുകളിലൂടെ നാം വളരെ പ്രാധാന്യം ഇതിനു നല്കിയിരിക്കുന്നുവോ നമ്മുടെ ജീവിതത്തിൽ: വായന, ഇതിനെ ധ്യാനിക്കുക, ഇത് ഓർമ്മയിൽ സൂക്ഷിക്കുക, ഇതിനെ അനുസരിക്കുക, പ്രസംഗിക്കപ്പെട്ടത് വളരെ ശ്രദ്ധയോടെ കേൾക്കുക, അതുപോലെ വരും തലമുറയിലേക്കു ഇത് കൈമാറ്റം ചെയ്യുക. ഇതിനെല്ലാം വളരെ ശക്തമായ പ്രയത്നം ആവശ്യമായിരിക്കുന്നു. എന്നാൽ ദു:ഖകരമായിരിക്കുന്നു. എല്ലാ ദൈവമക്കളും ഇതിനായിട്ട് താല്പര്യപ്പെടുകയോ ഒരുക്കപ്പെടുകയോ ചെയ്യുന്നില്ല.

മാതാപിതാക്കൾക്ക് എത്രയോ വലിയ ഉത്തരവാദിത്വവും അതുപോലെ ഭാഗ്യകരമായ അവസരങ്ങളുമാണ് ലഭ്യമായിരിക്കുന്നത്. സഭയ്ക്ക് അവളുടെതായ ഒരു തിമോത്തി ഉണ്ടെങ്കിൽ, സഭയുടെ നേതൃത്വം ഏറ്റെടുക്കുന്നതിനു സഹായകരമാകും, അപ്പോൾ മാതാപിതാക്കൾ ഹൃദയം ഉള്ളവരായി തീരുക .ഇതുപോലുള്ള ഒരു ഒരുക്കം സഭയിൽ സൃഷ്ടിക്കപ്പെടുവാൻ പൗലൊസ് തിമൊത്തിയോസിനായിട്ട് എഴുതി: നീയോ ഇന്നവരോട് പഠിച്ചു എന്ന് ഓർക്കുകയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുകയും ചെയ്യുന്നതുകൊണ്ട് നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക്ക. " എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ട തിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസനത്തിനും പ്രയോജനമുള്ളതു ആകുന്നു " (2തിമൊ. 3:14-17).

വിത്തു വിതെയക്കുന്നവന്റെ ഉപമയിൽ ദൈവവചനത്തെ, യേശു അവരുടെ ഹൃദയങ്ങളെ ചെവികേൾക്കാതെയും (മത്താ. 13:15). അവിടുന്ന് പറയുകയാണ് ഹൃദയത്തിൽ ആഴം ഇല്ലാത്തതുകൊണ്ടു അവരുടെ ജീവിതത്തിൽ വചനം വേരു പിടിക്കുന്നില്ല (വാക്യം 20-21). മറ്റുള്ള ഹൃദയങ്ങളിൽ, വിത്ത് മറ്റുള്ള വർ ചവിട്ടി നശിപ്പിച്ചും ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കീട്ടു നിഷ്ഫലനായി തീരുന്നതാകുന്നു " (വാക്യം 22). എന്നാൽ ചില നല്ല ഹൃദയങ്ങൾ മനസ്സിലാക്കുകയും അങ്ങനെ വചനത്തിന്റെതായ ഫലങ്ങൾ പുറപ്പെടുവിക്കുന്നു - ചില ഹൃദയങ്ങളിൽ നൂറ് ശതമാനം ഫലമാണ് പുറപ്പെടുവിക്കുന്നത്. നാം ഒന്നാമതായിട്ട് നല്ല ഹൃദയമുള്ളവരായിട്ട് മാറുകയും കേൾക്കുവാനും ശ്രദ്ധിക്കുവാനുമുള്ള ചെവികൾ ഉള്ളവരായിട്ടു മാറേണം; നല്ല ഹൃദയം അത് കഠിനമോ അതുപോലെ തഴച്ചു ഉള്ളതോ അല്ല; നല്ല ഹൃദയം അത് നീതിയുള്ളതും, വിനയം ഉള്ളതു അതുപോലെ അനുസരിക്കുന്നതുമായിരിക്കും.

❖

'' നിന്റെ ന്യായപ്രമാണം എനിക്ക് എത്രയോ പ്രീയം ഇട വിടാതെ അതു എന്റെ ധ്യാന മാകുന്നു '' (സങ്കീ. 119: 97).

നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടു എന്നു നിങ്ങൾ നിരൂപിക്കുന്നു വല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു '' (യോഹ.5:39).

'' അവരെപ്പോലും നാമും ഒരു സദ്വർത്തമാനം കേട്ടവർ ആകു ന്നു; എങ്കിലും കേട്ടവ രിൽ വി ശ്വാസമായി പരിണമി ക്കായ്കകൊണ്ടു കേട്ട വചനം അവർക്കു ഉപകാരമായി വ ന്നില്ല '' (എബ്രാ. 4:2).

മനുഷ്യൻ ജീവിക്കുന്നത് വചനത്താലാണ്. അത് ദൈവ ത്തിന്റെ വായിൽ നിന്നു വരു ന്നതാണ്. അതുകൊണ്ട്, താ ങ്കൾ പൂർണ്ണഹൃദയത്തോടു കൂടി ദൈവവചനം എങ്ങനെ യാണ് ശരിയായിട്ടു ഉപയോഗി ക്കണമെന്നുള്ളത് പഠിക്കുക. ഇത് മനസ്സിൽ കരുതികൊണ്ടു താഴെ പറയുന്ന സൂചനകളിൽ ശ്രദ്ധിക്കുക.

വചനം വായിക്കുക ഹൃദയ ത്തോടുകൂടെ മനസ്സിലാക്കലി നെക്കാൾ അധികം ആയിട്ട്. എനിക്ക് അറിയാം മനസ്സിലാക്കി ഗ്രഹിച്ചെടുക്കുവാൻ: ഹൃദയം കൊണ്ട് ഞാൻ ആഗ്രഹിക്കുന്നു സ്നേഹവും അതുപോലെ ഉറ പ്പോടെ അതിനെ സ്വീകരിക്കു വാനും. മനസ്സിലാക്കൽ അതു ഹൃദയത്തിന്റെ വേലക്കാരനാ യിട്ട് മാറട്ടെ. താങ്കളുടെ മനസ്സി ലാക്കലിനെയും അതുപോലെ ജഡീകമായ സ്വഭാവത്തെയും കുറിച്ച് വളരെ ഭയപ്പാടോടെ ആയിരിക്കുക, ഇതൊന്നും ആത്മീകതയെ പ്രാപിച്ചെടുക്കു ന്നില്ല. താങ്കളുടെ മനസ്സിലാക്ക ലിനെ ഉപേക്ഷിക്കുക. എന്നിട്ട് ദൈവാത്മാവിന്റെ വിനയത്തോ ടെ കാത്തിരിക്കുക. എല്ലാം സാഹചര്യത്തിലും. താങ്കൾ വചനം വായിക്കുമ്പോൾ നിശ ബ്ദതയോടുകൂടി ആയിരിക്കുക. താങ്കളോടു തന്നെ പറയുക. ഈ വചനം ഞാൻ ഇപ്പോൾ എന്റെ ഹൃദയത്തിൽ സ്വീകരിച്ചതാണ്, സ്നേഹിക്കുവാനും അതു പോലെ അത് എന്നിൽ വസി ക്കുന്നതിനും.

തിരുവചനങ്ങളെ അന്വേഷിക്കൽ

By Andrew Murray

ദൈവവും ആയിട്ടുള്ള കൂട്ടായ്മയിൽ എല്ലായ്പ്പോഴും വചനം വായിക്കുക. വാക്കി ന്റെ ശക്തി എന്നതുകൊണ്ട് ആര് അത് എഴുതി എന്നതാണ് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്ന ത്. ആദ്യം, ജീവനുള്ള ദൈവ വും ആയിട്ടു ഒരു സ്നേഹകൂ ട്ടായ്മ സൃഷ്ടിക്കുക, അവി ടുത്തെ സാമീപ്യത്തിന്റെയും അതുപോലെ സ്നേഹത്തി ന്റെയും അടിസ്ഥാനത്തിൽ വച ന ത്തോടുള്ള ബന്ധ ത്തിൽ അത് പൂർണ്ണ അറി വോടെ ആയിരിക്കണം അത് അവിടുന്ന് നിന്നു ഉള്ളതാ ണെന്നും അന ശ്വ ര നായ ദൈവം, താങ്കളോടു സംസാ രിക്കുന്നതായിട്ടു. ദൈവ ത്തിൽ നിന്നു ശ്രദ്ധിച്ച് കേൾക്കുമ്പോൾ താങ്കളുടെ ഹൃദയം പൂർണ്ണമായിട്ടു നിശബ്ദം ആയിരിക്കേണം, ദൈവത്തിലേക്കും അവനി ലേക്കും തന്നേ. അപ്പോൾ വചനം തീർച്ചയായിട്ടും ഒരു വലിയ അനുഗ്രഹം ആയി തീരും താങ്കൾക്ക്.

വചനം വായിക്കുക ഒരു ജീവനുള്ള വചനം ആയിട്ട്. ദൈവത്തിന്റെ ആത്മാവു അതിൽ വസിക്കുന്നതായിട്ടു, അതുപോലെ തന്നേ ആ തീർ ച്ചയുടെ വചനങ്ങൾ ആരൊ ക്കെയാണോ വീശ്വസിക്കു ന്നത് അവരിൽ പ്രവർത്തിക്കു കയും ചെയ്യും. വചനം എ ന്നാൽ അത് വിത്താണ്. വിത്തി നു ഒരു ജീവൻ ഉണ്ട്, അതു പോലെ അതു വളരുകയും അതിന്റെ ഫലം നല്കുകയും ചെയ്യുന്നു. ഇപ്രകാരം, വചന ത്തിനു ജീവൻ ഉണ്ട്, അത് വള രുകയും ഫലം നല്കുകയും ചെയ്യുന്നു. താങ്കൾ ഇതു പൂർ ണ്ണമായിട്ട് മനസ്സിലാക്കുന്നില്ലെ ങ്കിൽ, ഇതിന്റെ ശക്തി താങ്കൾ ക്ക് അനുഭവിക്കുവാൻ സാധി ക്കുന്നില്ലെങ്കിൽ, നിങ്ങളുടെ ഹൃദയത്തിൽ സൂക്ഷിക്കുക. അതിനെ സ്വീകരിച്ചിട്ട് ധ്യാനി ക്കുക, അത് അതിന്റെതായ ഒരു ആരംഭം കുറിക്കുകയും താങ്കളിൽ അതു വളരുകയും ചെയ്യും. ദൈവത്തിന്റെ ആ ത്മാവു ആയിട്ടു അതുപോലെ വചനത്തിലും.

തീരുമാനത്തിലേക്കു നയി ക്കുന്ന നിലയിൽ വായിക്കുക. ഒരു ശ്രോതാവു മാത്രം ആയി ഇരിക്കാതെ, പ്രത്യുത വചനം പ്രവർത്തിക്കുന്നവനായിട്ടു മാറുക. ഒരു വലിയ ചോദ്യം ആണ്; ദൈവത്തിന് എനിക്കാ യിട്ട് ഇപ്പോൾ ഈ വചന ത്തിൽ എന്തു ഉണ്ട്? ഉത്തരം ആകുന്നു എങ്കിൽ, അവനിൽ ഞാൻ വിശ്വസിക്കണം. അതു പോലെ അവനിൽ ഞാൻ ആശ്രയിക്കണം, ഹൃദയത്തിൽ നിന്നു പെട്ടെന്നു തന്നെ ഇതു പ്രവർത്തിക്കുക. വചനം ഒരു കല്പന ആകുന്നുവെങ്കിൽ താങ്കൾ എന്തു പ്രവർത്തി ക്കണം എന്നുള്ളത്, വേഗ ത്തിൽ താങ്കളെ തന്നേ അതി നായിട്ടു സമർപ്പിക്കുക. ദൈവ വചനം പ്രവർത്തിക്കുന്നതിൽ കൂടി അവിടെ ഒരു വലിയത് സംസാരിക്കുവാൻ പറ്റാത്ത വിധത്തിലുള്ള അനുഗ്രഹം ഉണ്ട്, അതുപോലെ എന്നെ ത്തന്നെ സമർപ്പിക്കുകയും അവിടുത്തെ വചനം എഴുത പ്പെട്ട പ്രകാരം സംഭവിക്കു കയും ചെയ്യുന്നു. ശ്രോതാ ക്കൾ ആയിട്ടു മാത്രം മാറരു ത്, വചനം പ്രവർത്തിക്കുന്നവ രായിട്ടു മാറുക.

സമയം എടുത്ത് വചനം വായിക്കുക. അധികം അധികം ആയിട്ടു ഭൂമിയിൽ വച്ച് സമയം എടുക്കാതെ ആരും ഒന്നും നേടുന്നതായിട്ട് ഞാൻ കാണു ന്നില്ല. വചനത്തിനു സമയം നല്കുക. വചനത്തിനു സമയം നല്കുകയും അതു ഹൃദയ ത്തിൽ പ്രവേശിക്കുകയും ചെയ്യട്ടെ, എല്ലാ സമയത്തും താങ്കൾ ഇരുന്ന് വായിക്കു മ്പോൾ അതിനു അതിന്റെ സമയം നല്കുക, ക്ഷമയോടെ കാത്തിരിക്കുന്നതിൽ താങ്കൾ വിശ്വസ്തനായി തീർന്നതുകൊ ണ്ടു ദിവസംതോറും, മാസം തോറും. വളരെ സ്ഥിരോത്സാ ഹത്തോടെ, താങ്കൾ കൂടുതൽ പരിശീലിക്കപ്പെടുകയും വച നത്തെ കൂടുതൽ പ്രാപിച്ചെ ടുക്കുകയും അതു പോലെ തന്നേ വചനം അതു പ്രവൃ ത്തിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. ദയവായിട്ടു നിരാ ശപ്പെട്ടു പോകരുത്. വചനം വായിക്കുമ്പോൾ മനസ്സിലാ കാതെ വരുമ്പോൾ മുറുകെ പിടിക്കുക, ധൈര്യം സംഭരി ക്കുക, വചനത്തിന് അതിന്റെ സമയം നല്കുക. പിന്നീട് വചനം തന്നേ വിശദീകരിക്കു വാൻ തുടങ്ങും. ദാവീദ് ദിന രാത്രികൾ എടുത്തു ഇത് മന സ്സിലാക്കി എടുക്കുന്നതിനാ യിട്ടു.

തിരുവചന അന്വേഷണം എന്ന മനോഭാവത്തോടെ വചനം വായിക്കുക. ബൈബി ളിന്റെ ഏറ്റവും ശ്രേഷ്ടമായ വിശദീകരണത്തിനായിട്ടു ള്ളത് ബൈബിൾ തന്നേയു ള്ളൂ. ഒരേ കാഴ്ചപാടിൽ നി ന്നു കൊണ്ടു മൂന്നോ അല്ലെ ങ്കിൽ നാലോ പുസ്തകങ്ങൾ എടുത്തിട്ട് അന്ന് എല്ലാം ഒന്നു ക്രമീകരിച്ചിട്ട് അതിനെ ഓ രോന്നും മറ്റൊന്നുമായിട്ട് താര തമ്യപഠനം നടത്തുക. നോ ക്കുക, എവിടെയാണ് അവർ ഒരുമിച്ച് സമ്മതിക്കുന്നതെ ന്നും അതുപോ ലെ എവിടെ യാണ് അവർ വ്യത്യാസപ്പെ ട്ടിരിക്കുന്നതെന്നും ശ്രദ്ധിക്കു ക. എവിടെയാണ് അവർ പറ യുന്ന അതെ കാര്യവും വീണ്ടും എവിടെയാണ് വേറെ ഏതെങ്കിലും പറയുന്നതായിട്ട് കാ ണുന്നത്. എന്നാൽ തിരു വ ച നം അതു ദൈവനി ശ്വാസ്യം ആകയാൽ ഒരി ടത്തു പ്രതിപാദിച്ചിരിക്കുന്ന ഒരു വിഷയം വേറൊരു ഭാഗത്തു അതെ വിഷയം തന്നെ കുറെകൂടി ഉറപ്പായിട്ട് അവർ പറഞ്ഞിരിക്കുന്നത്. ഇത് ആകുന്നു ഏറ്റവും സുര ക്ഷിതവും അതുപോലെ ഉത്തമം ആയതുമായ വിശദീ കരണം. ചുരുക്കത്തിൽ വിശു ദ്ധന്മാർ എഴുതുമ്പോൾ പോ ലും ഇതേ മാതൃക പിൻതുട രുകയാണ്. തിരുവചനത്തി ന്റെ നിർദ്ദേശങ്ങൾക്കായിട്ട്, എന്നു മറ്റൊരു തിരുവെ ഴുത്തു പറയുന്നു (യോഹ. 19:37). ഈ മാതൃക ധാരാളം

(ശേഷം 8-ാം പേജിൽ)

(2-ാം പേജിന്റെ തുടർച്ച)

സകല സത്യത്തിലും നമ്മെ വഴി നടത്തുന്ന പരിശുദ്ധാത്മാവ്

ഈ പുസ്തകം മനസ്സിലാക്കി എടുക്കുവാൻ, നാം തീർച്ചയായിട്ടും അവനെ നോക്കേണം, അപ്പോഴാണ് ഇരുട്ടുള്ള സ്ഥലം അതു വ്യക്തമാകുന്നത്. നാം സാധാരണയായിട്ടു പ്രാർത്ഥിക്കേണ്ടത് പഴയനിയമത്തിന്റെ സങ്കീർത്തനക്കാരനെപ്പോലെയാണ്, ''നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിനു എന്റെ കണ്ണുകളെ തുറക്കേണമേ '' (സങ്കീ. 119:18). ഇപ്പോൾ നമുക്കുള്ള ദൈവീക വെളിപ്പെടുകൾ മതിയാകുന്നില്ല. ദൈവവചനത്തിന്റെ പഠനത്തിനായിട്ട് നാം ഇരിക്കുമ്പോൾ; നമുക്ക് തീർച്ചയായിട്ടും പരിശുദ്ധാത്മാവിന്റെ പ്രകാശനം നമ്മുടെ അകത്തുണ്ടായിരിക്കേണ്ടതു അതു നമ്മെ നാം പഠിക്കുന്നത് മനസ്സിലാക്കുവാൻ ശക്തീകരിക്കുകയും ചെയ്യും. ഇത് ഒരു സാധാരണ തെറ്റാണ്, എന്നാൽ ഇത് വളരെ പെട്ടെന്ന് അറിയാവുന്നതുമായ ഒരു തെറ്റുകൂടിയ ആണ്, ആത്മീക വെളിപ്പാടുകളെ സ്വാഭാവികമായ നമ്മുടെ അറിവിന്റെയോ (മനസ്സിലാക്കലിന്റെയോ) അഭിനയത്തിൽ അതിനെ വ്യാഖ്യാനിക്കുന്നത്.

പഴയ കാലഘട്ടത്തിലുണ്ടായിരുന്ന യഹൂദന്മാർക്ക് ആത്മാവിനാൽ വെളിപ്പാടുകൾ ഉണ്ടായിരുന്നു എന്നാൽ അവർ ആത്മാവിനെ ആശ്രയിക്കുകയോ അവനെ അത് അവർക്ക് വ്യാഖ്യാനിച്ച് മനസ്സിലാക്കികൊടുക്കുന്നതിന് അനുവദിക്കാതെ ഇരുന്നതിനാൽ അവർ പരാജയപ്പെടുകയും അതിനാൽ ആവനിൽ നിന്നു അവർ ദൂരെ പോയി. അതുകൊണ്ട് ക്രിസ്ത്യാനികൾക്ക് ഇന്നും ആത്മാവിൽ വെളിപ്പാടുകൾ ഉള്ളപ്പോൾ തന്നേ ധാരാളം പേർ പരിശുദ്ധാത്മാവിന്റെ വ്യാഖ്യാനത്തിൽ ആശ്രയിക്കുവാൻ തയാറാകാത്തതിനാൽ അവർ ഒക്കെയും അവനിൽ നിന്നു അകന്ന് പോകുന്നു. സകല ഇവാഞ്ചലിക്കൽ ചർച്ചുകാരും താത്വികമായിട്ട് അംഗീകരിക്കുകയാണ്. കുറഞ്ഞ പക്ഷം മനുഷ്യന്റെ സ്വയം നിതീകരണത്തിന്റെ അപര്യാപ്തത. ഇപ്പോഴത്തെ സമയത്ത് അതുകൊണ്ട് എന്താണ് പഠിപ്പിക്കേണ്ടതു, അതുപോലെ ആ ഒരു ചിന്ത ഉണ്ടാകേണ്ടതിന് എന്താണ് ആവശ്യമായിരിക്കുന്നത്, ഇത് മനുഷ്യ ജ്ഞാനത്തിന്റെ പൂർണ്ണമായ അപര്യാപ്തതയാണ് സൂചിപ്പിക്കുന്നത്. ദൈവീക വചനത്തെ മനസ്സിലാക്കുവാൻ, നാം നമ്മുടെ ജ്ഞാനത്തെ പൂർണ്ണമായിട്ടു ശൂന്യമാക്കേണ്ടതും അതുപോലെ തന്നെ ദൈവത്തിന്റെ ആത്മാവിൽ പൂർണ്ണമായിട്ട് ആശ്രയിക്കേണ്ടതുമാണ് നമുക്ക് അതു വ്യാഖ്യാനിച്ച് കിട്ടേണ്ടതിനായിട്ട്. നാം യേശുവിന്റെ വചനത്തിലേയ്ക്കു ഹൃദയത്തെ വയ് ക്കേണ്ടതും ആകുന്നു. പിതാവേ, സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു '' (മത്താ. 11:25).

നാം ദിനന്തോറും ആത്മാവിനാൽ പഠിക്കേണ്ടിയിരിക്കുന്നു. വചനത്തെ മനസ്സിലാക്കുവാൻ ഇന്നലെ ആത്മാവു നമ്മെ പഠിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഇന്നത്തെ കാര്യങ്ങളെ അപഗ്രഥിക്കുവാൻ സാധ്യമല്ല. എല്ലാം പുതിയ സമയങ്ങളിലും നാം വന്ന് വചനവുമായിട്ട് ബന്ധപ്പെടേണം, ആ പ്രത്യേകമായ അവസരത്തിൽ ആത്മാവിന്റെ ശക്തി ഉണ്ടെങ്കിലേ സാധ്യമാകുകയുള്ളൂ. അതായത് പരിശുദ്ധാത്മാവു നമ്മിൽ ഒരിക്കൽ നല്കിയ പ്രകാശത്തിൽ നമ്മുടെ ഹൃദയത്തിന് ഗ്രഹിക്കുവാൻ കഴിഞ്ഞ ചില പ്രത്യേകമായ സത്യങ്ങൾ അതു ഇപ്പോൾ, പോരാ. ഓരോ ഭാഗങ്ങളും നമുക്ക് ലഭിക്കുമ്പോൾ അവിടുന്ന് എല്ലാ സമയത്തും അതു തന്നേ ചെയ്യുന്നു.

ആത്മാവു ശക്തീകരിക്കുന്നു

അപ്പോസ്തലനായ പൗലൊസ് പറയുന്നത്, '' ഞാനും, സഹോദരന്മാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റെയോ ജ്ഞാനത്തിന്റെയോ ദൈവം കൂടാതെയത്രെ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോടു പ്രസ്താവിപ്പാൻ വന്നതു. ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു. ഞാൻ ബലഹീനതയോടും ഭയത്തോടും വളരെ നടുക്കത്തോടുകൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു. നിങ്ങളുടെ വിശ്വാസത്തിനു മനുഷ്യരുടെ ജ്ഞാനല്ല, ദൈവത്തിന്റെ ശക്തി തന്നേ ആധാരമായിരിക്കേണ്ടതിനു എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരിക്കുന്നത് '' (1കൊരി. 2:1-5).

തെസ്സലോനിക്യയിലെ വിശ്വാസികൾക്കു ഇതേ രൂപത്തിൽ തന്നെയാണ് എഴുതിയിരിക്കുന്നത്, '' ഞങ്ങളുടെ സുവിശേഷം വചനമായി മാത്രമല്ല, ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും കൂടെ ആയിരുന്നു നിങ്ങളുടെ അടുക്കൽ വന്നതു; നിങ്ങളുടെ നിമിത്തം ഞങ്ങൾ നിങ്ങളുടെ ഇടയിൽ എങ്ങനെ പെരുമാറിയിരുന്നു എന്നു അറിയുന്നുവല്ലോ '' (1തെസ്സ. 1:5).

ഒന്നാമതായിട്ട് അപ്പോസ്തലന്മാരേയും പ്രവാചകന്മാരേയും തിരഞ്ഞെടുത്ത പരിശുദ്ധാത്മാവിന്റെ വെളിപ്പാടു മാത്രമല്ല ആവശ്യമായിരിക്കുന്നത്. പരിശുദ്ധാത്മാവു രണ്ടാമതായിട്ട് നമുക്ക് വ്യാഖ്യാനിച്ചു നല്കേണ്ടതായിട്ടു ഒരു വ്യക്തിയെപ്പോലെ സത്യത്തെ വെളിപ്പെടുത്തേണ്ടതും, എന്നാൽ മൂന്നാമതായിട്ട് പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കേണ്ടി ഇരിക്കുന്നു. വളരെ കാര്യക്ഷമമായിട്ട് മറ്റുള്ളവരോട് സത്യത്തെക്കുറിച്ചു സംസാരിക്കുവാൻ വേണ്ടിയും അതു അവിടുന്നു തന്നെ നമുക്ക് മനസ്സിലാക്കിയിരിക്കുകയാണ്.ഈ യാത്രയിൽ എല്ലായ്പ്പോഴും അവിടുന്ന് നമ്മോടുകൂടെ ആവശ്യം ആയിരിക്കുന്നു.

മിനിസ്ട്രി പരാജയപ്പെടുത്തിനുള്ള ഒരു പ്രധാന കാരണം ആയിരിക്കുന്നത്, സാധാരണയായിട്ട് പുറമേ നിന്നു നോക്കുമ്പോൾ എല്ലാ തലങ്ങളിലും വിജയം എന്ന് മറ്റുള്ളവർക്ക് തോന്നുമെങ്കിലും, ഇത് സംഭവിച്ചിരിക്കുന്നത് തുടർമാനമായിട്ട് മിനിസ്ട്രി നടത്തിയവരിൽ മാത്രം അല്ല, പ്രത്യുത ശുശ്രൂഷയുടെ എല്ലാ ഭാഗങ്ങളിലും വെളിപ്പെടുന്നു, മനുഷ്യ ജ്ഞാനത്തിൽ നിന്നു പുറത്തേക്കു വരുന്ന മറ്റുള്ളവരെ വശീകരിച്ച് പ്രീതിപ്പെടുത്തുന്നത് (അത്, മനുഷ്യ തർക്കശാസ്ത്രത്തിന്റെയും, അലങ്കാര ശാസ്ത്രത്തിന്റെയും അനുയത്തിന്റെയും അതുപോലെ തന്നേ വാക്ചാതുര്യത്തിന്റെയും ഒക്കെ ആണ്). പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിച്ചത് എന്താണ്. പരിശുദ്ധാത്മാവിന്റെ ശക്തിയുടെ ആവശ്യകത എന്താണ്, ആത്മാവിന്റെ പ്രദർശനത്തിന്റെയും അതുപോലെ തന്നേ അതിന്റെ ശക്തിയുടേതും.

ഇന്നത്തെ പ്രസംഗത്തിന്റെ പരാജയത്തിന് കാരണമായ മൂന്ന് ഘടകങ്ങൾ ഉണ്ട്. ഒന്നാമതായിട്ട്, വചനത്തിൽ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയതിന് പകരം വേറെ ദൂതുകൾ സംസാരിക്കുവാൻ തയാറാകുന്നതും (മനുഷ്യർ ശാസ്ത്രവും, കലയും, സാഹിത്യവും ഫിലോസഫിയും, ചരിത്രവും, സാമൂഹ്യശാസ്ത്രവും, ധനതത്വശാസ്ത്രവും, അനുഭവങ്ങൾ, മുതലായവയെക്കുറിച്ച് പ്രസംഗിക്കുന്നു. ബൈബിളിലെ, പരിശുദ്ധാത്മാവിന്റെ പുസ്തകത്തിൽ ദൈവവചനത്തിന്റെ ഒരു വാക്കുപോലും വെളിപ്പെടുത്തുന്നില്ല). രണ്ടാമതായിട്ട്, ബൈബിളിൽ ആത്മാവും പഠിപ്പിച്ച ദൂതുകളെ ഗ്രഹിക്കുന്നതിനായിട്ട് സ്വഭാവികമായ ജ്ഞാനത്തിൽ ആശ്രയിക്കുന്നത്, അതായത് പരിശുദ്ധാ

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

ത്മാവിന്റെ ശരിയായ പ്രകാശനം കൂടാതെ മൂന്നാമതായിട്ടു ആത്മാവു നൽകപ്പെട്ട ദൂതുകൾ, വചനം, ബൈബിൾ പഠനവും അതുപോലെ അതിന്റെ മനസ്സിലാക്കലിനായിട്ട് പരിശുദ്ധാത്മാവിന്റെ പ്രകാശനത്തിൽ മറ്റുള്ളവർക്ക് നല്കപ്പെട്ടതിനെ അതിനെ മാനുഷിക ജ്ഞാനത്തിന്റെ വാക്കുകളാൽ കൂട്ടിക്കലർത്തുന്നതിനാലും, ആത്മാവിന്റെ പ്രദർശനവും അതുപോലെ ശക്തിയും വെളിപ്പെടുന്നില്ല. നമുക്ക് ആവശ്യമായിരിക്കുന്നത്, എല്ലായ്പ്പോഴും ആത്മാവിൽ പൂർണ്ണമായിട്ട് ആശ്രയിക്കുന്നവരായി തീരേണം എന്നുള്ളതാണ്. അവൻ നമ്മെ പഠിപ്പിക്കുന്നതും എന്തു സംസാരിക്കണം എന്നുള്ള കാര്യം. അവൻ തന്നേ ആയിരിക്കേണം ദൂതു അതുപോലെ തന്നേ ശക്തിയും.❖

(3-ാം പേജിന്റെ തുടർച്ച)

താങ്കൾ വഞ്ചിക്കപ്പെടുന്നില്ലെന്നു ശ്രദ്ധിക്കേണ്ടിയിരിക്കുന്നു

ഒക്കെ നിർദ്ദേശങ്ങൾ ഇന്നത്തെ കാലഘട്ടത്തിനു യോജിച്ചതല്ലേ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. എന്നാൽ നീ അവരോടു പറയേണ്ടതു; “തങ്ങളുടെ ദൈവമായ യഹോവയുടെ വാക്കു കേട്ടനുസരിക്കയോ ഉപദേശം കൈക്കൊൾകയോ ചെയ്യാത്ത ജാതികളാകുന്നു ഇതു; വിശ്വസ്തത നശിച്ചു അവരുടെ വായിൽ നിന്നു നിർമ്മൂലമായിരിക്കുന്നു ” (യിരെ. 7:28). അങ്ങനെ ന്യായം പിന്മാറി നീതി അകന്നു നിൽക്കുന്നു; സത്യം വീഥിയിൽ ഇടറുന്നു; നേരിനു കടപ്പാൻ കഴിയാത്തതുമില്ല (യെശ. 59:14); “യിസ്രയേൽ മക്കളേ, യഹോവയുടെ വചനം കേൾപ്പിൻ; യഹോവെക്കു ദേശനിവാസികളോടു ഒരു വ്യവഹാരം ഉണ്ടു; ദേശത്തു സത്യവും ഇല്ല, ദയയും ഇല്ല, ദൈവപരിജ്ഞാവുമില്ല ” (ഹോശയ 4:1). അല്ലെങ്കിൽ റോമ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന വിശദീകരണം എന്താണ് “അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു ” (റോമ. 1:18), അതുപോലെ ആർക്ക് ഉണ്ട്, ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു; അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ (വാക്യം 25).

സത്യത്തെ പുണരാം

ആത്മീക യുദ്ധത്തിന്റെ പ്രകാശത്തിൽ നാം അഭിമുഖീകരിക്കുന്നത്, പൗലൊസ് നമ്മെ പ്രബോധിപ്പിക്കുകയാണ് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം നാം ധരിക്കേണമെന്ന്, “ പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തുനില്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർ വ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ ” (എഫെ. 6:11). ശ്രദ്ധിക്കേണ്ടിയിരിക്കുന്നു ആദ്യത്തെ സർവ്വായുധവർഗ്ഗം എന്താണെന്നുള്ള കാര്യം: “നിങ്ങളുടെ അരെക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും ” (വാക്യം 14). സത്യം എന്നാൽ പൂർണ്ണമായിട്ടു സചേതനാത്മകമായതാണ്! സങ്കീർത്തനക്കാരനെ നാം ഇഷ്ടപ്പെട്ടേക്കാം, സത്യത്തോടുള്ള ബന്ധത്തിൽ ഇത് നമ്മുടെ സമർപ്പണത്തെ പുതുക്കിയേക്കാം. വിശ്വസ്തതയുടെ മാർഗ്ഗം ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു; യഹോവേ, എന്നെ ലജ്ജിപ്പിക്കരുതേ (സങ്കീ. 119:30). നാം വേണമെങ്കിൽ സത്യത്തെ കാത്തു സൂക്ഷിക്കുന്നവരായിരിക്കാം, സത്യത്തെ ആലിംഗനം നടത്തുന്നവരും, സത്യത്തെ അനുസരിക്കുന്നവരും അതുപോലെ സത്യത്തിൽ നടക്കുന്നവരും ആയിരിക്കാം. പരിശുദ്ധാത്മാവിനെ നാം നോക്കുമ്പോൾ, “ “ സത്യത്തിന്റെ ആത്മാവു നമ്മെ സകല സത്യത്തിലും വഴി നടത്തുന്നു ” (യോഹ. 16:13). നാം ദൈവവചനത്തിനു മുമ്പാകെ പുതുക്കത്തോടെ സമർപ്പിക്കപ്പെട്ടവരായിരിക്കാം. സത്യത്തിന്റെ വചനത്തിൽ (17:17). നമ്മുടെ കണ്ണുകളേയും അതുപോലെ ഹൃദയത്തെയും ദൈവത്തിൽ സമർപ്പിക്കപ്പെട്ടവരും അവിടുന്ന് സത്യത്തിന്റെ ധാരാളിത്തം ഉള്ളവരും ആകുന്നു (പുറ. 34:6). അതുപോലെ അവിടുത്തെ സത്യം എന്നേക്കും നിലനിൽക്കുന്നതുമാണ് (സങ്കീ. 117:2), നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തു ആകട്ടെ അവിടുന്നു “ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല ” (യോഹ. 14:6; 1:14;എഫെ. 4:21). ഈ അന്ത്യനാളുകളിൽ നമുക്ക് അവിടുത്തെ മുന്നറിയിപ്പുകളേ ശ്രദ്ധിച്ചുകൊണ്ട് ജീവിക്കാം, “ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ ” (ലൂക്കോ. 21:8).

“ നിന്റെ പ്രകാശവും സത്യവും അയച്ചു തരേണമേ; അവ എന്നെ നടത്തുമാറാകട്ടെ; നിന്റെ വിശുദ്ധപർവ്വതത്തിലേക്കു തിരുനിവാസത്തിലേക്കും അവ എന്നെ എത്തിക്കുമാറാകട്ടെ ” (സങ്കീ. 43:3).

❖

(6-ാം പേജിന്റെ തുടർച്ച)

തിരുവചനങ്ങളെ അന്വേഷിക്കൽ

സമയവും ഉണർവ്വും എടുക്കുന്നു എന്ന് ഒരിക്കലും പരാതിപ്പെടരുത്. ആ ബുദ്ധിമുട്ടിന് ഇത് യോജ്യം ആയതുതന്നേയാണ്. താങ്കളുടെ വേദനകൾക്ക് ഒരു പ്രതിഫലം ഉണ്ട്. ഈ ഭൂമിയിൽ നമ്മുടെ പ്രയത്നം കൂടാതെ ഒന്നും തന്നെ കരസ്ഥമാക്കുവാൻ പറ്റുന്നില്ലല്ലോ. സ്വർഗ്ഗത്തിലേയ്ക്കുള്ള യാത്ര ചെയ്യുവാൻ ആഗ്രഹിക്കുന്നവൻ വേദനകൾ കൂടാതെ ഒന്നും കരസ്ഥം ആക്കുകയില്ല. തിരുവചനത്തെ അന്വേഷിക്കുക, തീർച്ചയായിട്ടും താങ്കൾ സമൃദ്ധിയായിട്ട് പ്രതിഫലം (അംഗീകാരം) പ്രാപിക്കും.

ചെറുപ്പക്കാരായ വിശ്വാസിയെ, എനിക്ക് താങ്കൾക്ക് വേണ്ടി ഉള്ള ഏറ്റവും ഉദാത്തമായതു പ്രധാനപ്പെട്ടതുമായ വാക്ക് ഇതാണ്. താങ്കളുടെ വളർച്ച, താങ്കളുടെ അധികാരം, അതുപോലെ താങ്കളുടെ ജീവിതവും ആശ്രയിച്ചിരിക്കേണ്ടത് വിശ്വസ്തമായ ദൈവീക വചനത്തിലായിരിക്കേണം. ദൈവവചനത്തെ സ്നേഹിക്കുക. ഇതിനെ തേനിനേക്കാൾ മാധുര്യം എന്നും ആയിരം സ്വർണ്ണത്തെക്കാളും വെള്ളിയേക്കാളും ശ്രേഷ്ടം എന്ന് അംഗീകരിക്കുക. തിരുവചനത്തിൽ പിതാവ് അവിടുത്തെ ഹൃദയത്തെ താങ്കളുടെ മുമ്പിൽ വെളിപ്പെടുത്തുകയാണ്. തിരുവചനത്തിൽ യേശു അവിടുന്ന് തന്നേ ആശയവിനിമയം നടത്തുകയാണ്. അതുപോലെ അവിടുന്നുള്ള എല്ലാ കൃപകളെകുറിച്ചും. തിരുവചനത്തിൽ പരിശുദ്ധാത്മാവ് താങ്കളിലേക്കു കടന്നുവരുകയാണ്, താങ്കളുടെ ഹൃദയത്തിലെ ചിന്തകളേയും പുതുക്കുന്നതിനായിട്ട്, ദൈവത്തിന്റെ ഇംഗിതപ്രകാരവും അതുപോലെ അവിടുത്തെ ഹൃദയപ്രകാരവും നിസ്സാരമനോഭാവത്തോടുകൂടി തിരുവചനം വായിക്കരുത്, അങ്ങനെ പ്രവൃത്തിക്കാതിരിക്കുമ്പോൾ താങ്കൾക്ക് വീഴ്ചയിൽ നിന്നു രക്ഷപ്രാപിക്കാം. ഭൂമിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ജോലിയായിട്ട് താങ്കൾ ഇതിനെ കരുതുക, താങ്കൾ തന്നേ ദൈവമുമ്പാകെ സമർപ്പിക്കുകയും അവിടുത്തെ വചനത്താൽ നിറയപ്പെടുകയും ചെയ്യുക, അതുപോലെ അവിടുത്തെ വചനം താങ്കളിൽ നിവൃത്തികരിക്കപ്പെടട്ടെ.

ദൈവമായ കർത്താവേ, അവിടുത്തെ വചനത്തിൽ കൂടി ഞങ്ങളോടു എന്ത് കൃപയാണ് സംസാരിക്കുന്നത്, അതിൽ കൂടി ഞങ്ങൾ അവിടുത്തെ വചനത്താൽ, അവിടുത്തെ ഹൃദയത്തിലേക്കും, അങ്ങയുടെ ഹിതത്തിലേയ്ക്കും അതുപോലെ അങ്ങയുടെ സ്നേഹത്തിലേക്കും പ്രവേശിക്കട്ടെ. അങ്ങയുടെ ശ്രേഷ്ഠമായ വചനത്തിനെതിരെയുള്ള ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കേണമേ. കർത്താവേ, ഞങ്ങളിലുള്ള ആത്മാവിനാൽ പുതിയ ജീവിതം വളരെ ശക്തിയാകട്ടെ, അതിന്റെ സർവ്വ ആഗ്രഹങ്ങളും അങ്ങയുടെ വചനത്തിൽ വസിക്കുവാൻ വേണ്ടി ഉള്ളതാകട്ടെ. ആമേൻ. ❖

ജാഗ്രതരാകുവിൻ വഞ്ചിക്കപ്പെടാതിരിപ്പാൻ

ആത്മീകമായ അപകടങ്ങളാൽ നിറയപ്പെട്ടിരിക്കുന്ന സമയത്താണ് ഇന്ന് നാം ജീവിക്കുന്നത്. അന്ത്യനാളുകളിൽ വഴിതെറ്റിക്കുന്ന ആത്മാക്കൾ ഉണ്ടായിരിക്കും എന്നാണ് വിശുദ്ധ വേദപവചനം നമ്മെ പഠിപ്പിക്കുന്നത്. (1തിമൊ. 4:1). “ കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കും ” (മർ. 13:22). ജീവിതത്തിൽ പാപം ഉണ്ടെങ്കിൽ അതിൽ കൂടിയാണ് വഴിതെറ്റിക്കുന്ന ആത്മാവു പ്രവേശിക്കുന്നത്.

നാം വേദവചനത്താൽ പ്രബോധിപ്പിക്കപ്പെട്ടിരിക്കുകയാണ്, “ ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ ” (മത്താ. 24:4; മർ. 13:5; എഫെ. 5:6; 2 തെസ്സ. 2:3; 1യോഹ. 3:7). “ നമ്മെത്തന്നേ വഞ്ചിക്കാതിരിപ്പാൻ ” സൂക്ഷിച്ചുകൊള്ളേണമെന്ന് തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു (1കൊരി. 3:18; 1യോ. 1:8).

ഇതു സാധാരണയായിട്ട് സംഭവിച്ച് കൊണ്ടിരിക്കുകയാണ്. എപ്പോഴാണ് ദൈവം ഒരു മനുഷ്യനെ ശക്തമായി ഉപദേശിക്കുന്നത്, ക്രിസ്ത്യാനികൾ (ദൈവമക്കൾ) അദ്ദേഹത്തെ പുകഴ്ത്തുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഇത് ആ ലീഡറിൽ സ്വഭാവികമായിട്ടു അഹങ്കാരത്തെ കൊണ്ടുവരുകയും, അങ്ങനെ അവനിൽ അധ:പതനത്തിനു മുമ്പെ അഹങ്കാരം വരുകയും ചെയ്യുന്നു (സദൃശ്യ.16:18). ഇങ്ങനെയുള്ള അഹങ്കാരം ലീഡറിൽ ചതിക്കുള്ള അവസരം ഉണ്ടാക്കുകയും അതുപോലെ നല്ല ദർശനത്തോടു ജീവിച്ച് അദ്ദേഹത്തെ പിൻതുടരുന്നവരും അതേ ചതിയിൽ ചെന്നുപെടുകയും ചെയ്യുന്നു.

ധാരാളം അനുയായികൾ ഉള്ള ലീഡർ വിശുദ്ധമായ ജീവിതം നയിക്കുന്നതല്ലായെങ്കിൽ അത് ദൈവത്തിൽ നിന്നു ഉള്ളതല്ല. അവർ വിശുദ്ധ ജീവിതം നയിക്കുന്നവരായിരിക്കണം, ജനത്തോട് വിശുദ്ധി പ്രസംഗിക്കുന്നവരും ആയിരിക്കേണം. കറയും ചുളുക്കവും ഇല്ലാത്ത ഒരു സഭയെയാണ് കർത്താവു കാണുവാൻ ആഗ്രഹിക്കുന്നത്. (എഫെ. 5:27). “ദൈവഗൃഹത്തിൽ തന്നേ ന്യായവിധി തുടങ്ങുവാൻ സമയമായി ” (1പത്രൊ. 4:17). ഇടുക്കം ഉള്ളതാണ് വഴി (മത്താ. 7:14). അനുരഞ്ജനത്തിന്റെയും നിസ്സാരമായതുമായ സുവിശേഷം പ്രസംഗിക്കുന്നവരെ സൂക്ഷിക്കേണം.

സത്യത്തെ പ്രസംഗിക്കുന്നവരുടെ ഇടയിൽ ചതിയന്മാർ കടന്നുവരുന്നു. അതിനുശേഷം അവരുടെ പദ്ധതികൾ ഇല്ലാത്തത് പഠിപ്പിക്കുവാൻ ശ്രമിക്കും. തെറ്റ് പ്രസംഗിക്കുവാൻ വരുന്നവരെ ദൈവമക്കൾ/ അനുഗമിക്കരുത്. എന്നാൽ ജാഗ്രതയില്ലാത്ത കാവൽക്കാരന് സാവകാശത്തിൽ തെറ്റിൽ ചെന്നു വീഴുകയും അതിനെയൊക്കെയും വളരെ ആരാധിക്കുകയും ചെയ്യും. ആദ്യം അവൻ പറഞ്ഞ സത്യത്തെ അവർ ഓർക്കുകയും ചെയ്യും. കാരണം അതല്ലെ അവൻ പഠിപ്പിച്ചത്. അതുപോലെ പിന്നീട് പഠിപ്പിച്ചത് അവർക്ക് കണ്ടെത്തുവാൻ സാധ്യമല്ലാതെ വരുകയും ചെയ്യുന്നു. വചനത്തിൽ എന്നാൽ ക്രമേണ അവന്റെ വ്യക്തിത്വത്തെ ആരാധിക്കുകയും, പരിമിതി കൂടാതെ അവന്റെ പഠിപ്പിക്കലിനെ അംഗീകരിക്കുകയും ചെയ്യുന്നു.

നാം ജാഗ്രതയുള്ളവരാകുവിൻ

ഒരു നീതിമാനായ ദൈവദാസന്റെ (ശുശ്രൂഷകന്റെ) ജീവിതം അദ്ദേഹം എന്താണോ സംസാരിക്കുന്നത് അതുമായിട്ട് ഉടമ്പടി ചെയ്തതായിരിക്കണം. തിരുവചനവും ആയിട്ടു മുഴുവൻ അംഗീകരിച്ചതായിരിക്കണം അദ്ദേഹത്തിന്റെ സംസാരങ്ങൾ. അതിനിടയിൽ എപ്പോഴെങ്കിലും പാപം കൂടിക്കലരുന്നുവെങ്കിൽ, അവിടെ നാം ജാഗ്രതയുള്ളവരാകണം. നാം നീതിമാന്മാരായിട്ട് ജീവിക്കുകയും നമ്മുടെ ഹൃദയത്തിലും മനസ്സിലും വചനത്തെ കാത്തു സൂക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ നാം പേടിക്കേണ്ട ആവശ്യം ഇല്ല. എന്തുകൊണ്ടെന്നാൽ ദൈവം അവിടുത്തെ ആത്മാവിനെ നല്കുകയും അവനു നമ്മെ സത്യത്തിൽ കാത്തു സൂക്ഷിക്കുകയും ചെയ്യും. നാം നമ്മുടെ തന്നേ ജീവിതത്തെ വിധിക്കുകയും അതുപോലെ വിശുദ്ധീകരിക്കുകയും വേണം. ഏതെങ്കിലും തരത്തിലുള്ള പാപം പ്രവേശിച്ച് അതു നമുക്ക് ഒരു കെണിയായിട്ട് തീരാകെ ഇരിക്കുന്നതിനു “ നാം നമ്മെത്തന്നേ വിധിച്ചാൽ വിധിക്കപ്പെടുകയില്ല ” (1കൊരി. 11:31).

ഈ ദിനങ്ങളൊക്കെയും വളരെ ഗുരുതരങ്ങളായ പ്രലോഭനങ്ങളുടെ കാലഘട്ടം ആണ്. ദൈവം തന്റെ ജനത്തിൽ ചലിച്ച് കൊണ്ടിരിക്കുകയാണ്. അവരെ ഒരുക്കിയെടുക്കുകയാണ് കർത്താവായ യേശുക്രിസ്തുവിന്റെ വീണ്ടും വരവിനായിട്ട്, പിശാച് വളരെ ഗുരുതരമായ രീതിയിൽ സകല പ്രവൃത്തികളും നടത്തികൊണ്ടിരിക്കുകയാണ്. ജഡത്തെ സന്തോഷിപ്പിക്കുന്ന ജീവിതത്തിലേയ്ക്കും അതുപോലെ വിശുദ്ധിയിൽ നിന്നു മാറ്റി വഴി തെറ്റിയ അശുദ്ധിയുടെ ജീവിതത്തിലേയ്ക്കു ദൈവജനത്തെ നടത്തുവാൻ വേണ്ടി പിശാച് അഗാധ പരിശ്രമത്തിലാണ്.

പ്രലോഭനം നമ്മെ ജയിക്കരുത്, നമുക്കുള്ള മഹാപുരോഹിതൻ “ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്തു സഹായിത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക ” (എബ്രാ. 4:15,16).

അന്ധകാരത്തിൽ വീണവരെ നമുക്ക് ആവശ്യം ഇല്ല. വിജയത്തോടെ ആരാണ് അവരുടെ ഓട്ടം തികച്ചത് അവരിൽ ഒരുവനായിട്ട് നമുക്ക് ആയിതീരാം. നമുക്ക് അവന്റെ മുഖത്തെ വളരെ തീക്ഷ്ണതയോടെ നോക്കാം. ഇപ്പോൾ നാം നമ്മുടെ ലക്ഷ്യത്തിൽ ശക്തരായിരിക്കേണം. എല്ലാകരങ്ങളിലും ആപത്ത് വന്നു സംഭവിച്ചേക്കാം. എന്നാൽ ദൈവം അവിടുന്ന് വാഗ്ദത്തം ചെയ്തിരിക്കുകയാണ്. അവനെ അന്വേഷിക്കുന്നവർക്ക് അവിടുത്തെ കൃപ മതിയെന്ന്. അവൻ എന്നോടു “ എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു ” എന്ന് (2കൊരി. 12:9). ❖

സമുദ്രത്തിലെ ആപത്ത്

By William R. Moody

1892-ൽ ഡി. എൽ. മൂഡിക്കു ഒരു നീണ്ട സംഘടിതമായ സമുദ്രയാത്ര ഉണ്ടായിരുന്നു. അതുപോലെ തന്റെ ഭവനത്തിലേക്കു മടങ്ങിവരുന്നതിനും ആഗ്രഹിച്ചും, താനും തന്റെ മകനും ആ ധൂർത്തു പിടിച്ച മദ്യലഹരിയായ ആൾക്കാരുടെ കൂടെയുള്ള ആവിയന്ത്രക്കപ്പൽ യാത്രയിൽ സൗത്ത് ആപ്റ്റണിൽ നിന്നു ന്യൂയോർക്കിലേക്കുള്ള യാത്രയിൽ സുരക്ഷിതരായിരുന്നു. ഈ യാത്ര എന്നിരുന്നാലും മിസ്റ്റർ മൂഡിയുടെ ജീവിതത്തിൽ വളരെ നീണ്ടു നിന്ന സ്വാധീനമായും വിശ്വാസത്തെ ബലവത്താക്കുന്നതായിട്ടു മാറി. ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ ആ സംഭവത്തിന്റെ ഒരു ശേഖരണം ആണ്.

സമുദ്രത്തിലെ ബുദ്ധിമുട്ട്

ഞങ്ങളുടെ മൂന്നാം ദിവസത്തെ കപ്പൽ യാത്രയിൽ, ഞാൻ എന്റെ ചെറു കട്ടിലിൽ വിശ്രമിക്കുകയായിരുന്നു. അതുപോലെ തന്നേ ദൈവത്തിനു നന്ദിയും അർപ്പിക്കുകയായിരുന്നു. എന്തുകൊ

ണ്ടെന്നാൽ എന്റെ ഇതുവരെയുള്ള യാത്രകൾ കടലിൽ കൂടിയും അതുപോലെ തന്നെ കരയിൽ കൂടിയുമുള്ള നിരവധി യാത്രകളിലും എന്റെ ജീവിതത്തിൽ ഒരിക്കലും അപകടം സംഭവിച്ചിരുന്നില്ല. വളരെ കടുത്ത കാലവസ്ഥകളിൽ പോലും ഇങ്ങനെയുള്ള വലിയ ചിന്തകളിൽ കൂടി എന്റെ മനസ്സ് കടന്നുപോയികൊണ്ടിരുന്നു. എന്നാൽ പെട്ടെന്ന് തന്നേ എന്നെ വളരെ ഞെട്ടിക്കുന്ന ഒരു ഭയങ്കരമായ സ്പോടന ശബ്ദം കേട്ടു. കപ്പൽ ഒരു പാറയിൽ ചെന്നു ഇടിച്ചു തകർന്നതുപോലെയുള്ളൂ. ആദ്യം എനിക്ക് അത് വിശ്വസിക്കുവാൻ പറ്റിയില്ല. അത് അത്രയ്ക്കു മോശം ആയ കാര്യം ആയിരുന്നു, എന്നാൽ വസ്ത്രം മാറിയിട്ട് ഞാനും കപ്പലിന്റെ മുകൾ തട്ടിലേക്കു പോയി. ഞാൻ കേട്ടത് അത് വളരെ സത്യമായിരുന്നു. കപ്പൽ യാത്രക്കാരെല്ലാം പെട്ടെന്ന് ഭയചകിതരായിട്ട് എഴുന്നേൽക്കുകയും പേടിയോടുകൂടിയുള്ള അന്വേഷണത്തിൽ അവർക്ക് ആശ്വാസമായിട്ട് ലഭിച്ച മറുപടി അതിലെ ഷാഫറ്റ് ഒടിഞ്ഞതായിരുന്നു എന്നാണ്.

വളരെ കടുത്ത കാലാവസ്ഥ മുഖാന്തരം ഉണ്ടായ കപ്പൽ അപകടം അപ്പോഴേയ്ക്കു നല്ല വ്യക്തമായി തീർന്നു. എന്നിരുന്നാലും മറ്റു യാത്രക്കാരും അവർ കപ്പലിന്റെ മുകൾ തട്ടിലേയ്ക്കു ഓടിവന്നിട്ട് പറഞ്ഞു അവരുടെ ക്യാബിനുകളിൽ വെള്ളം കയറാൻ തുടങ്ങിയിരിക്കുന്നുവെന്ന്. എന്നാൽ പിന്നീട് അവർ കണ്ടെത്തി കപ്പലിന്റെ രണ്ട് ഷാഫ്റ്റുകളുടെയും അഗ്രഭാഗത്ത് പൊട്ടലുകൾ ഉണ്ടായതായിട്ടും അങ്ങനെ അതിന്റെ സ്റ്റെൺ ടൂബിനെ ഒടിക്കുകയും ഉണ്ടായി. തൻമൂലം രണ്ട് കംമ്പാർട്ടുമെന്റിനുള്ളിലേക്കു ഏകദേശം വെള്ളം കയറുകയും ചെയ്തു. രണ്ടു കംമ്പാട്ടുമെന്റികളുടെയും ഇടയിലുള്ള (വെള്ളം കയറുകയാണെങ്കിൽ അതിന്റെ വരവിനെ ചെറുത്തുനില്ക്കുന്നതിനുള്ള സംവിധാനം) ഈ സംവിധാനത്തെ ഒരു പ്രാവശ്യം അവർ അതിനെ അടയ്ക്കുകയും കപ്പലിന്റെ തുലാത്തണ്ടിനോട് ചേർത്ത് ശക്തമായിട്ടു വലിച്ചു മുറുക്കി കെട്ടി നിർത്തി. വെള്ളത്തിന്റെ അതിശക്തമായ കടന്നു കയറ്റത്തെ ചെറുത്തു നിൽക്കുന്നതിനായിട്ട്, എന്നാൽ കപ്പൽ മുന്നോട്ടു ഉരുണ്ടു മുന്നോട്ടു നീങ്ങിയപ്പോൾ അപ്രതീക്ഷമായ നിലയിൽ വളരെ ശക്തമായ വെള്ളം കടലിൽ നിന്ന് കപ്പലിന്റെ അടുത്ത കംമ്പാർട്ടുമെന്റിനു ഉള്ളിലേക്കു ശക്തമായിട്ടു പ്രവഹിക്കുവാൻ തുടങ്ങി. എന്നാൽ സമർത്ഥനായ കപ്പൽ ക്യാപ് റ്റൻ വില്ലിജർ റോഡിന്റെയും അദ്ദേഹത്തിന്റെ കൂട്ടത്തിലുള്ള എൻഞ്ചിനീയറുന്മാരുടെയും പ്രയത്നത്താൽ കപ്പൽ വളരെ വേഗം തന്നെ മുങ്ങിതാഴുവാൻ തുടങ്ങി.

ഉച്ച ആയപ്പോൾ, ക്യാപ്റ്റൻ യാത്രക്കാരോടു പറഞ്ഞു, വെ ള്ളം ഇപ്പോൾ തന്റെ നിയന്ത്രണത്തിലാണെന്നും അതുപോലെ തന്നെ മറ്റുള്ള കപ്പലുകൽ പോകുന്ന ആ വഴിയിൽ കൂടി യാത്ര തുടരാമെന്നുള്ള പ്രതീക്ഷ യിലായിരുന്നു താൻ എന്നു പറഞ്ഞു. കടൽക്കാറ്റ് വളരെ ശക്തമായിട്ട് കപ്പലിൽ അടിച്ചുകൊണ്ടിരുന്നു. ആ സമയത്ത അവർ സ്റ്റെൺ ശരിയാക്കുന്നതിനായിട്ടു ധാരാളം പ്ര വർത്തിക്കേണ്ടി വന്നു. കടൽ വളരെ ബുദ്ധിമുട്ടു ആയി തീരുകയും കപ്പൽ വശത്തോടു വശമായിട്ട് ഉരുളുവാനും തുടങ്ങി. അങ്ങനെ വളരെ ഭീതിയിൽ ആയിതീർന്നു. കാരണം അതിനു പെട്ടെന്നു ഉണ്ടായ ആട്ടം (ചരിഞ്ഞതിനാൽ) വളരെ ആകുലചിത്തരായ യാത്രക്കാരോടു ക്യാപ്റ റൻ വളരെ ആശയോടുകൂടി പറഞ്ഞു നമുക്ക് മിക്കവാറും മറ്റുള്ള യാത്ര ചെയ്യുവാനും കഴിയുമെന്നു പറഞ്ഞു ഏകദേശം മൂന്ന് മണി ആകുമ്പോഴേയ്ക്കും എന്ന്. എന്നാൽ ആ ദിവസം പകലിൽ അവർക്ക് യാത്ര ചെയ്വാൻ കഴിയാതെ പോയി.

ഒരു ഇരുണ്ട രാത്രി

അതു ഒരു ഭീതിയുടെ രാത്രിയായിരുന്നു, ഞങ്ങളുടെ എല്ലാവരുടേയും ജീവിതത്തിൽ അന്ധകാരം കൊണ്ടു വന്ന രാത്രി എത്രയോ നൂറുക്കണക്കിനുള്ള പുരുഷന്മാരും, സ്ത്രീകളും അതുപോലെ തന്നേ കുട്ടികളും വളരെ അധികം ആകാംഷയോടുകൂടി കാത്തിരിക്കുകയാണ് ഞങ്ങളുടെ മേലുള്ള വിധി. ഒന്നു സംഭവിക്കേണ്ടതിനായിട്ട്. ഒന്നാമത്തെ സലൂൺ ക്യാബിനിൽ ഞങ്ങൾ എല്ലാവരും കാത്തിരുന്നു - യഹൂദന്മാരും, പ്രൊട്ടസ്റ്റന്റുകാരും, കത്തോലിക്കക്കാരും അതുപോലെ സ്കപ്പ്റ്റികസുകളും എന്നിരുന്നാലും അന്നേരം ഞങ്ങളുടെ ഇടയിലുള്ള അനവധി സ്കെ പ്ററികളെ കുറിച്ച് ഞാൻ സംശയിച്ചിരുന്നു. വാക്കുകളാലുള്ള വേദനയും സംശയങ്ങളുമെല്ലാം വളരെ ഭയങ്കരം ആയിരുന്നു. വിളറിയ മുഖത്തോടും അതുപോലെ ഭീതിയുള്ള ഹൃദയങ്ങളും, യാത്രക്കാർ പരസ്പരം ഒന്നു പറയുവാൻ ധൈര്യപ്പെടാതെ വളരെ ആകുലചിത്തരായി പരസ്പരം മുഖത്തോടു മുഖം നോക്കുവാൻ തുടങ്ങി. ആകാശത്തിൽ റോക്കറ്റുകൽ മിന്നി തിളങ്ങിയിരുന്നു, പക്ഷേ യാതൊരു ഉത്തരവും ഇല്ലാതെ മഹത്തായ ആവിപ്രവർത്തിതമായ കപ്പലുകളും യാത്ര വഴികളിൽ നിന്നു ഞങ്ങൾ മാത്രം തെന്നിമാറിയിരിക്കുകയാണ്. എല്ലാ മണിക്കൂറുകളും ആ സാഹചര്യത്തിന്റെ ഭികരത (ആപത്തിന്റെ) കരാള ഹസ്തത്തിൻ കീഴിലായിരുന്നു ഞങ്ങൾ.

ഞായറാഴ്ച പ്രഭാതം യാതൊരു സഹായവും പ്രതീക്ഷയും കൂടാതെ പുലർന്നു. എന്നാൽ ഞങ്ങളുടെ രണ്ടാം രാത്രിയിൽ, ഞാൻ ക്യാപ്റ്റന്റെ അനുവാദത്തോടുകൂടി സലൂണിൽ ഒരു മീറ്റംഗിലുള്ള സാഹചര്യം സൃഷ്ടിച്ചു. ഞങ്ങൾ മീറ്റിംഗിനുള്ള നോട്ടീസു നല്കി. അത് ഞങ്ങളെ അത്ഭുതപ്പെടുത്തികൊണ്ട് ഏകദേശം എല്ലാ യാത്രക്കാരും ആ മീറ്റിംഗിൽ പങ്കു ചേർന്നു.

ആടി ഉലഞ്ഞുകൊണ്ടിരിക്കുന്ന കപ്പലിന്റെ അകത്ത് ഞാൻ തൂണിൽ വളരെ ശക്തിയോടെ എന്റെ ഒരു കരം കൊണ്ടു പിടിച്ചുകൊണ്ട് 91-ാം സങ്കീർത്തനം ഞാൻ വായിച്ചു. ഇത് ഒരു പുതിയ സങ്കീർത്തനം ആയിരുന്നു. എനിക്ക് ആ മണിക്കൂറിൽ 11-ാം വാക്യം എന്നെ വളരെ ശക്തമായിട്ട് സ്പർശിച്ചിരുന്നു. ഇത് ഒരു ദൈവീകമായ വാഗ്ദാനത്തിന്റെ ശബ്ദം ആയിട്ട് എനിക്ക് അനുഭവിക്കപ്പെട്ടു. അതുപോലെ തന്നേ അങ്ങനെ വായിച്ചതുപോലെ തന്നേ അത് ഒരു യഥാർത്ഥമായ വസ്തുതയായിട്ട് എനിക്ക് അനുഭവപ്പെട്ടു. '' നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിനു അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോടു കല്പിക്കും '' (സങ്കീ. 91:11). തീർച്ചയായിട്ടു, അവിടുന്ന് അതു ചെയ്തു. 107-ാം സങ്കീർത്തനത്തിന്റെ 20 മുതൽ 31വരെയുള്ള വേദവചനങ്ങൾ കൂടി ഞാൻ വായിച്ചു. അതുപോലെ തന്നേ ഞങ്ങൾ ദൈവത്തോടു പ്രാർത്ഥിച്ചു. അവിടുന്ന് തന്നേ സമുദ്രത്തെ നിയന്ത്രിക്കുന്നവനും ഞങ്ങൾ ആഗ്രഹിച്ച് ആ തുറമുഖത്ത് എത്തിക്കുവാനും.

മരണത്തിന്റെ ഭീതിയുടെ അധീനതയെക്കുറിച്ചു ഞാൻ ചിന്തിക്കുകയുണ്ടായി. ഞാൻ പലപ്പോഴും ആ ഒരു വിഷയം പ്രസംഗിച്ചിരുന്നു. അതുപോലെ തന്നേ ദൈവമ

(ശേഷം 11-ാം പേജിൽ)

(10-ാം പേജിന്റെ തുടർച്ച)

സമുദ്രത്തിലെ ആപത്ത്

ക്കളോടു വിശ്വാസത്താൽ അതിന്മേൽ ജയം നേടുന്നതിനെക്കുറിച്ചുള്ള മനസ്സിലാക്കലോട് അവർ ആയിരിക്കുവാൻ വേണ്ടി ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു. കോളറ മഹാമാരിയുടെ വ്യാപന സമയത്ത് ഞാൻ ചിക്കാഗോയിൽ ആയിരുന്നു, അതുപോലെ അനേകർ ഈ വ്യാധികളാൽ പിടിക്കപ്പെടുകയും മരിക്കുകയും ചെയ്തിരുന്നു. ആഭ്യന്തര യുദ്ധത്തിന്റെ കാലഘട്ടത്തിലും യാതൊരു ഭയവും കൂടാതെ ഞാൻ ആയിരുന്നു. ഇവിടെയെല്ലാം മരണത്തെ എനിക്ക് ഭയം ഇല്ലായിരുന്നു.

എന്നാൽ മുങ്ങിതാഴ്ന്ന കപ്പലിൽ ഞാൻ അങ്ങനെയല്ലായിരുന്നു, ഞാൻ വ്യത്യസ്തനായിരുന്നു. അവിടെ എന്റെ രക്ഷകന്റെയും എന്റെ ആത്മാവിന്റെയും മദ്ധ്യേ ഒരു മേഘവും ഇല്ലായിരുന്നു. ഒന്നു ഞാൻ അറിഞ്ഞിരുന്നു. ഇവിടെ വച്ച് മരിച്ചാൽ സ്വർഗ്ഗത്തിൽ വച്ച് ഞാൻ ഉറക്കം ഉണരുമെന്ന് എന്റെ ചിന്തകളെല്ലാം എന്നിൽ നിന്ന് അധികം ദൂരെ പോയി എന്റെ സ്നേഹം ഉള്ളവരിലേക്കു ഭവനത്തിലേയ്ക്കു എന്റെ സ്നേഹനിധിയായ ഭാര്യ, എന്റെ കുഞ്ഞുങ്ങൾ, കടലിന്റെ ഇരുകരകളിലുമുള്ള എന്റെ നല്ല സ്നേഹിതർ, സ്കൂളുകളിലേക്കു അതുപോലെ വളരെ അടുപ്പമുള്ള എന്നോടു താല്പര്യമുള്ളവരിലേക്കു ഇത് ഓർത്ത് പശ്ചാത്തപിക്കുകയും അത് എന്നെ വളരെ തളർത്തുകയും ചെയ്തു. എന്റെ ജീവിതത്തിലെ വളരെ ഇരുണ്ട മണിക്കൂർ ആയിരുന്നു അത്.

എനിക്ക് അത് സഹിക്കുവാൻ കഴിഞ്ഞിരുന്നില്ല. എനിക്ക് ആശ്വാസം പ്രാർത്ഥനയിൽ ലഭിച്ചു. ദൈവം എന്റെ കരച്ചിൽ കേട്ടു, എന്നെ പറയുവാൻ ശക്തനാക്കി, എന്റെ ആത്മാവിന്റെ അടിത്തട്ടിലിൽ നിന്ന്, അവിടുത്തെ ഹിതം നടക്കട്ടെ! മാധുര്യമായ സമാധാനം എന്റെ ഹൃദയത്തിലേയ്ക്കു പ്രവേശിച്ചു. അത് എനിക്കു നോർത്ത് ഫിൽഡോ അല്ലെങ്കിൽ സ്വർഗ്ഗമായിട്ടോ അനുഭവപ്പെട്ടു, ഇത് ഇപ്പോൾ ഒരു വ്യത്യാസവും സൃഷ്ടിക്കുന്നില്ല. ഞാൻ എന്റെ കിടക്കയിലേക്കു പോയി, വളരെ പെട്ടെന്ന് തന്നെ അഗാധമായ നിദ്രയുടെ കരങ്ങളിലേയ്ക്കു ഞാൻ അമർന്നു, അതുപോലെ ഇങ്ങനെയുള്ള വളരെ സുഖകരമായ അന്നത്തെ പോലെയുള്ള ഒരു ഉറക്കം എന്റെ ജീവിതത്തിൽ ഞാൻ ഇതുവരെയും അനുഭവിച്ചിട്ടില്ല. എന്റെ ജീവിതത്തിൽ എന്റെ കർത്താവിനോട് ആത്മാവിന്റെ ആഴത്തിൽ നിന്ന് ഞാൻ നിലവിളിച്ചു, അവിടുന്ന് കേട്ടു എന്നെ വിടുവിച്ചു എന്റെ സകലഭയങ്ങളിൽ നിന്നു എനിക്ക് യാതൊരു സംശയവും ഉണ്ടാകാത്ത നിലയിൽ എനിക്ക് വിശ്വസിക്കുവാനും മനസ്സിലാക്കുവാനും കഴിഞ്ഞു. എന്റെ കർത്താവ് എന്റെ നിലവിളികേട്ടു എനിക്കു ഉത്തരം അരുളിയെന്നു അങ്ങനെ എന്റെ നിലനില്പിനെ കുറിച്ച് ഞാൻ സംശയിച്ച മേഖലകളിൽ നിന്ന് മോചിപ്പിച്ചുവെന്ന്.

ദൈവത്തിന്റെ രക്ഷ

യെൽ കോളെജിൽ എന്റെ മകൻ ഒരു വിദ്യാർത്ഥി ആയിരുന്നു അന്ന്, അതുപോലെ അവന്റെ അഭ്യസ്ഥവിദ്യരായ പ്രഫസർമാർ പ്രാർത്ഥനയ്ക്കു ഉത്തരം നല്കുന്ന ദൈവീകമായ നേരിട്ടുള്ള പ്രവർത്തികളെ കുറിച്ച് അവർ അവനിൽ ചില സംശയങ്ങൾ ഇട്ടിറ്റുവീഴ്ത്തികൊണ്ടിരുന്നു. ആ രാത്രിയിൽ എന്റെ ആൺകുട്ടിക്കു ഉറങ്ങുവാൻ കഴിഞ്ഞിരുന്നില്ല. ഏകദേശം രാത്രി 2:15. ആയപ്പോഴേയ്ക്കു അവൻ വന്നിട്ട് എന്നെ ഉണർത്തി, കപ്പലിന്റെ മുകൾത്തട്ടിലേയ്ക്കു വരുവാൻ പറഞ്ഞു. അവിടെ നിന്ന് കൊണ്ട് ഒരു ചെറിയ മങ്ങിയ ലൈറ്റിന്റെ പ്രകാശകിരണത്തെ, അത് കാണിച്ചത് ആവരുടെ കപ്പൽ വശത്തോട് വശം ചേർന്ന് വളരെ ബുദ്ധിമുട്ടി മുന്നോട്ട് സാവകാശം ഉരുളുന്നുണ്ടായിരുന്നുവെന്നാണ്. ഇത് ഞങ്ങളുടെ ബേത്ലേഹേമിലെ നക്ഷത്രം ആണ് എന്ന് പറഞ്ഞു. അവൻ കരയുവാൻ തുടങ്ങി, അതുപോലെ ഞങ്ങളുടെ പ്രാർത്ഥനയിക്കു ഉത്തരം ലഭിച്ചു. ഇത് ഞങ്ങൾക്ക് മനസ്സിലാക്കി തന്നും ഹൂറോൻ തടാകത്തിൽ നിന്നുള്ള ലൈറ്റാണെന്ന് ലിവർപൂലിന്റെയും മൗണ്ട്റിലേക്കു അതിർത്തിയാണെന്നു, അന്ന് ഞങ്ങളുടെ ദു:ഖത്തിന്റെ സന്തോഷം ആയിട്ട് മാറുകയും ചെയ്തു. ഓഹ്, ആ കപ്പലുകളുടെ അടുത്തേയ്ക്കു യാത്ര ചെയ്തുകൊണ്ടിരുന്ന ഞങ്ങളുടെ കപ്പൽ യാത്രക്കാരുടെ മുഖങ്ങളിൽ നിരാശയിൽ നിന്നുമുള്ള പുതിയ പുതുജീവന്റെതായ സന്തോഷം ഉയർത്തി.

എന്നാൽ ആയിരം മൈൽ അകലെയുള്ള ക്യൂൻസ് ടൗണിലേയ്ക്കു അവരുടെ ഈ നിസ്സാഹായകമായ കപ്പലിന് യാത്ര ചെയ്യുവാൻ സാധിക്കുമോ? ഓരോ നിമിഷവും അതി തീവ്രമായ പ്രാർത്ഥനയുടെയും അതുപോലെ ആകാംഷയുള്ളതു ആയിരുന്നു. ഇത് ഒരു ശവകല്ലറയും അതുപോലെ അപകടകരമായ ഒരു ഏറ്റെടുക്കലും കൂടി ആയിരുന്നു. രണ്ടു നൗകകളേയും രണ്ട് ഭീകരമായ മേശകളാൽ പരസ്പരം ബന്ധിപ്പിച്ചിരുന്നു. ഒരു കൊടുങ്കാറ്റു പോലുള്ള തിരമാല അടിക്കുകയാണെങ്കിൽ ഇത് ഒരു ചരടുപോലെ ബലം ഇല്ലാതാകുകയും, അങ്ങനെ ഞങ്ങളുടെ വിധിപോലെ സംഭവിക്കുകയും ചെയ്യും. എന്നാലും എനിക്ക് യാതൊരു ഭീതിയും ആശങ്കയും ഇല്ലായിരുന്നു. ദൈവം തന്നേ അവിടുന്ന് തുടക്കം കുറിച്ച് പ്രവർത്തികൾ പര്യവസാനിപ്പിക്കും. തിരമാലകൾ ക്രമേണ ശാന്തം ആയി തീർന്നു. കേബിളുകൾ അതുപോലെ തന്നേ ഇരുന്നു, ഹൂവേൻ തടാകത്തെ ലാക്കാക്കി ഞങ്ങളുടെ ആവിയാൽ പ്രവർത്തിക്കുന്ന കപ്പൽ സാവാധനത്തിൽ യാത്ര ചെയ്തുകൊണ്ടിരുന്നു. അവിടെ തിരമാലകളും കാറ്റുകളും എല്ലാം ഉണ്ടായിരുന്നിട്ടു ഉടഞ്ഞുപോയ ഞങ്ങളുടെ കപ്പലിനു അത് പ്രശ്നമായി തീർന്നിരുന്നില്ല. അങ്ങനെ അപകടത്തിന് ശേഷം ഏകദേശം ഏഴ് ദിവസങ്ങൾ ക്ക് ശേഷം ഞങ്ങളുടെമേൽ ഉണ്ടായിരുന്ന ദൈവത്തിന്റെ നല്ല കരത്താൽ, ക്യൂൻസ് ടൗണിലെ ഹാർബറിൽ ഞങ്ങൾ ക്ക് ഒരു സന്തോഷകരമായ നന്ദി പ്രാർത്ഥന നടത്തുവാൻ കർത്താവ് ഞങ്ങളെ സഹായിച്ചു. രക്ഷപ്രവർത്തിനായിട്ട് ഞങ്ങളുടെ കപ്പലിലേക്ക് അയച്ച ആ മറ്റെ കപ്പൽ ഞങ്ങളുടെ കപ്പലിന് ഊർജ്ജം പകരുവാനും കൽക്കരിയെ അത് തുറമുഖത്തേയ്ക്കു മാറ്റുവാനും പര്യാപ്തം ആയി തീർന്നു. ആ കപ്പലിന്റെ ക്യാപ്റ്റനാകട്ടെ ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നു, അവൻ ദൈവത്തിന്റെ സഹയാം അന്വേഷിക്കുന്നവനും അവരെ അവരുടെ ആപത്ത് ഘട്ടത്തിലും അതുപോലെ ശ്രമകരമായ പ്രവർത്തന സമയത്തും അവിടെ വിജയം ഉണ്ടാക്കുവാനുള്ള ആഗ്രഹം ഉള്ളവനുമായിരുന്നു. അതുപോലെ ദൈവം ആ ഒരുമനപ്പെട്ടുള്ള അവരുടെ പ്രാർത്ഥനയ്ക്കു ഉത്തരം അരുളി ദു:ഖത്തിലും ആപത്തിലും ആയിരുന്ന കപ്പൽ യാത്രക്കാരെ രക്ഷിക്കുകയും അതുപോലെ ഞാൻ ആഗ്രഹിച്ച ആ തുറമുഖത്ത് ഞങ്ങളെ എത്തിക്കുകയും ചെയ്തു. ❖